*DIGITAL MAGAZINE*

# പരിണാമം.com



*LITTLE KITES-2019*

**VIJAYA HIGHER SECONDARY SCHOOL**

**PULPALLY**

# ആശംസകൾ



മാനേജർ
അഡ്വ.പി.സി. ചിത്ര
**വിജയ ഹയർസെക്കന്ററി സ്കൂൾ**

**സാങ്കേതികവിദ്യകൾ കാലാനുസൃതമായി മാറിവരികയാണ്.. മാറുന്നതിനനുസരിച്ച് സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുക എന്നത് പുതുതലമുറയ്ക്ക് അത്യാവശ്യമാണ്. സാങ്കേതികപരമായ അറിവില്ലായ്മ, സ്വായത്തമാക്കിയ അറിവിനെ പ്രകടിപ്പിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കും.ഉപയോഗപ്പെടുത്താൻ കഴിയുന്ന എല്ലാ മേഖലകളിലും സാങ്കേതികമായ അറിവുകൾ പ്രയോജനപ്പെടുത്താൻ കഴിയണം. സാങ്കേതികമായ അറിവുകൾ പ്രയോജനപ്പെടുത്തിയാണ് ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഡിജിറ്റൽ അക്ഷരങ്ങളിലൂടെ തയ്യാറാക്കിയഈ മാഗസിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു..**

**അഡ്വക്കറ്റ് പി.സി.ചിത്ര (മാനേജർ)**

# ആശംസകൾ



ഡിജിറ്റൽ മാഗസിനും മാഗസിൻറെ അണിയറ ശില്പികൾക്കും അതിൽ സൃഷ്ടികൾ നൽകിയവർക്കും മാഗസിൻ രൂപകല്പന നൽകിയവർക്കും എല്ലാവർക്കും ഒരായിരം ആശംസകൾ നേരുന്നു

**ടി. സന്തോഷ്**
പ്രിൻസിപ്പാൾ

# ആശംസകൾ



പുൽപ്പള്ളി വിജയ ഹയർ സെക്കൻഡറി സ്ക്രൂൾ ലിറ്റിൽ കൈറ്റ്സ് ടീമിൻറെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതില് വളരെയധികം സന്തോഷമുണ്ട്.രൂപത്തിലും ഉള്ളടക്കത്തിലും നിലവാരം പുലർത്തുന്ന തരത്തിലാണ് മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഉചിതമായ സൃഷ്ടികൾ ചേർത്ത് പുത്തൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന്റെ അണിയറശില്പികൾക്ക്എല്ലാ ആശംസകളും നേരുന്നു

**സോജൻ ജോസഫ്**

ഹെഡ്മാസ്റ്റർ

# ആശംസകൾ



വിവരസാങ്കേതികവിദ്യ അതിൻറെ വളർച്ച   എല്ലാ രംഗങ്ങളിലും
സർവ്വസാധാരണമായ ഈ കാലഘട്ടത്തിൽ വിജയ എച്ച്.എസ്.എസ്
പുൽപ്പള്ളിയിലെ അധ്യാപകരും വിദ്യാർത്ഥികളും അവരുടെ കഴിവുകൾ
കോർത്തിണക്കി തയ്യാറാക്കിയ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്ന

**കെ.സിന്ധു**

(ഹെഡ്മിസ്ട്രസ്)

വിജയ എൽ പി

# ആശംസകൾ



വിജയ ഹയർ സെക്കൻഡറി സ്ക്രൂൾ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് പി.ടി.എ കമ്മിറ്റിയുടെ എല്ലാ ആശംസകളും നേരുന്നു

**V .M PAULOSE**

P T A PRESIDENT

## സ്നേഹപൂർവ്വം... ...

പാറയിൽനിന്ന് പനയോല കളിലേക്കും

പനയോലയിൽ നിന്നും

കടലാസുകളിലേക്കും കടലാസിൽ

നിന്ന് ഡിജിറ്റൽ തലങ്ങളിലേക്കും

എഴുത്തുവിദ്യ പുരോഗമിക്കുകയാണ്...

കല്ലളിയിൽ നിന്നും

എഴുത്താണിയിലേക്കും

എഴുത്താണിയിൽനിന്നും

തുലികയിലേക്കും തുലികയിൽ നിന്നും

കീബോർഡിലേക്കും

എഴുത്തുപകരണങ്ങളും

പുരോഗമിക്കുകയാണ്...

പുതിയ സാങ്കേതികവിദ്യകളെ

പ്രയോജനപ്പെടുത്തി ഞങ്ങള് ഒരു

ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്...

നൂതനസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിൽ

തല്പരരായ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ ലിററിൽ കൈററ്സ് അംഗങ്ങളാണ് ഇതിന് നേതൃത്വം നല്കിയത്...

ഈ സംരംഭത്തെ

ഇരുകയ്യുംനീട്ടി ഹൃദയപൂർവ്വം

സ്വീകരിക്കുമെന്ന്

വിശ്വാസത്തോടെ...

എഡിറ്റർ



Santhosh Kumar VK

HSA (skt)

# എഡിറ്റോറിയൽ ബോർഡ്

ഇഷാൻ സിറിയക്ക്

അൽക്ക സുനിൽ

സാന്ദ്ര

ദിവ്യ രമേശ്

അതുല്യ മോഹനൻ


അജയ് കൃഷ്ണ

കാശിനാഥ്

ബിന്ദു ജി

ശ്രീനിവാസൻ. കെ.വി

വി.കെ.സന്തോഷ് കുമാർ



# പേജുകൾ മറിക്കുമ്പോൾ

ആശംസകൾ...

ലേഖനങ്ങൾ...

വിവരണങ്ങൾ...

കഥകൾ...

കവിതകൾ...

ഉദ്ധാരണികൾ...

ചിത്രങ്ങൾ...

# Littlekites

Littlekites IT club is a unique initiative of KITE which feature over 1 lakh student members .Little kites is set to become the largest student IT network in the country.Honorable Chief Minister Shri pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananthapuram In addition to the already identified 5 crore area more topics have been added such as Development of mobile app, programming, Robotics ,E-Commerce, e-governance, video documentation ,web TV, etc to the activity bouquet of little kites

## The aim of little kites program

*To encourage the natural interest of students in ICT fields and to create a culture for proper usage of Technology and Software

*To provide an opportunity for students to learn the different perspectives of ICT tools so as to make use of them for their learning activities.

*To ensure participation of students in the usage and upload upkeeping on ICT equipments at schools thereby increasing the productivity of the school in ICT enabled learning.


* To empower students to undertaken minor technical issues of ICT enabled equipments.

*To enrich students on proper and safe internet usage and Cyber security and also to inculcate the importance of language computing.

{ICT ----Information and Communication Technologies}



ചിത്രം



Alaka prakash
(9B)

# ലേഖനം



പ്രാർത്ഥന ഗൗരി പ്രിയ
8 സി

ശാസ്ത്രയുഗത്തിലാണ് നാം ജീവിക്കുന്നത്.ശാസ്ത്രത്തിന്റെ ഗുണത്തേയും ദോഷത്തേയും കുറിച്ചാണ് ഞാൻ ഇന്ന് ഈ ലേഖനത്തിൽ എഴുതാൻ പോകുന്നത്.

ശാസ്ത്ര ലോകത്താണ് നാം ജനിച്ചു വീഴുന്നത് ജീവിതത്തിലെ സമസ്ത കോണുകളിലും അതിന്റെ സ്വാധീനം വ്യക്തമാണ്.ആധുനിക മനുഷ്യനിലേക്കുള്ള അത്ഭുതാവഹമായ പരിവർത്തനത്തിന് കേന്ദ്രബിന്ദു ശാസ്ത്രത്തിൻറെ വളർച്ചയാണ്.ഇത് മാറ്റത്തിന്റെ കാലഘട്ടമാണ് പ്രത്യേകിച്ചും കഴിഞ്ഞ മൂന്ന് നൂറ്റാണ്ടുകൾക്കിടയിൽ ലോകം അവിശ്വസനീയമായ പരിവർത്തനത്തിന് വിധേയമായിരിക്കുന്നു .ആദിമമനുഷ്യന്റെ ജീവിത സൗകര്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആധുനിക മനുഷ്യൻ ഇന്ന് ദൈവതുല്യനാണ്.

ശാസ്ത്രം സംഭാവന ചെയ്ത ഒട്ടനവധി കാര്യങ്ങൾ മാനുഷിക ജീവിതത്തിന് വിലമതിക്കാനാകാത്ത സേവനമാണ് നൽകികൊണ്ടിരിക്കുന്നത് .ശാസ്ത്രം വളർച്ചയുടെ ഓരോ പടവും കയറുമ്പോൾ മനുഷ്യജീവിതം കൂടുതൽ സുന്ദരവും അസുഖവുമായി മാറുകയാണ് .മുൻകാലങ്ങളിൽ ശാരീരിക അധ്വാനത്തിന് ചെലവഴിക്കുന്ന ഊർജ്ജത്തിന്റെ അളവിൽ സിംഹഭാഗവും സംരക്ഷിക്കുവാൻ ശാസ്ത്ര വളർച്ച സഹായിച്ചിരിക്കുന്നു.ഗൃഹജോലികളുടെ ക്ഷീണവും ആലസ്യവും വീട്ടമ്മമാരെ സ്വാധീനിക്കുന്നതേ ഇല്ല .കാരണം അവർ ചെയ്യേണ്ട ജോലികളുടെ ചുമതല പൂർണമായും യന്ത്രങ്ങൾ ഏറ്റെടുത്ത കാലത്തിലാണ് നാം ജീവിക്കുന്നത്.

ആശയവിനിമയരംഗത്ത് ശാസ്ത്രത്തിൻറെ കുതിപ്പ് അത്ഭുതാവഹമാണ്. ലോകത്തിന്റെ ഏതു ഭാഗത്ത് നടക്കുന്ന സംഭവങ്ങളും തൽസമയം ടെലിവിഷനിലൂടെ കാണുവാനും ഏതൊരു ഭൂഖണ്ഡത്തിൽ ഉള്ള ആർക്കും നിമിഷങ്ങൾക്കകം സന്ദേശങ്ങൾ എത്തിക്കുവാനും ദൂരപരിധി ലംഘിച്ച് നേരിൽകണ്ട് സംസാരിക്കുവാനും ഇന്നത്തെ ലോകത്ത് സാധ്യമാണ് .ലോകത്തെ എന്തിനെയും പറ്റിയുള്ള അറിവ് ഒരു മൗസ് ബട്ടന്റെ സ്പർശനത്തിലൂടെ നമ്മെ അന്നന്ന് അറിയിക്കുന്നതിനുള്ള കഴിവുള്ള ഇൻറർനെറ്റ് എന്ന അത്ഭുതവും ശാസ്ത്ര

സംഭാവന തന്നെ! വ്യാവസായിക രംഗത്തും ഉൽപാദന രംഗത്തും വിപ്ലവകരമായ മാറ്റങ്ങളാണ് ശാസ്ത്രം സൃഷ്ടിച്ചത് .യന്ത്രങ്ങളുടെ കണ്ടുപിടിത്തത്തോടെ ഉൽപാദനരംഗത്തെ മുൻപത്തേതിനേക്കാൾ പതിന്മടങ്ങ് വർധനയുണ്ടായി. വരുന്ന ദശകങ്ങളിൽ ശാസ്ത്രത്തിൻറെ ഏറ്റവും ഉന്നതമായ വളർച്ചയാണ് സംഭവിക്കുവാൻ പോകുന്നത് മനുഷ്യൻ അസാധ്യമാണെന്ന് പറഞ്ഞ പലതും സാധ്യമാകുന്ന കാലം വിദൂരത്തല്ല.

നാണയത്തിന്റെ ഒരു വശം മാത്രമാണ് മേല്പറഞ്ഞ കാര്യങ്ങൾ .നേട്ടങ്ങൾ പോലെ തന്നെ കോട്ടങ്ങളും ഉണ്ടെന്ന സത്യവും നാം അംഗീകരിക്കേണ്ടതാണ്.1945 ൽ നാഗസാക്കിയിലും ഹിരോഷിമയിലും വെന്തുമരിച്ച ദശലക്ഷക്കണക്കിന് നിരപരാധികളുടെ ജീവൻ അതിന് ഉദാഹരണമാണ് .മനുഷ്യരാശിക്ക് മുഴുവൻ ഭീഷണിയായി മാറുന്ന ആണവ ബോംബുകളുടെയും രാസ ജൈവ ആയുധങ്ങളുടെയും കണ്ടുപിടിത്തം ശാസ്ത്രത്തിൻറെ വളർച്ചയിൽ നിന്നുണ്ടായതാണ് .മൂന്നാമതൊരു ലോകമഹായുദ്ധം ഉടലെടുത്താൽ ഭൂമിയെ ജീവന്റെ ചലനങ്ങൾ ഇല്ലാത്ത സ്ഥിതിയിലേക്ക് കൊണ്ടു പോകുവാൻ ഇന്നത്തെ അവസ്ഥയിൽ ആ നശീകരണായുധങ്ങൾ ശക്തിയുണ്ട്.

ശാസ്ത്രം പുരോഗതിയിലേക്ക് നയിക്കുന്നതാകണം.മനുഷ്യൻറെ ഭൗതികവും ശാരീരികവും മാനസികവും ആധ്യാത്മികവുമായ വളർച്ചയിൽ അതിനെ ഉപയോഗപ്പെടുത്തണം.പരസ്പര സാഹോദര്യവും സഹവർത്തിത്വത്തോടും കൂടി ജീവിക്കുവാൻ ലോകജനതയ്ക്ക് കഴിയണം.

ശാസ്ത്ര വളർച്ചയിലേക്കുള്ള ഓരോ ചുവടും വെക്കുമ്പോൾ ലോകത്തിലെ എല്ലാ ജീവജാലങ്ങളുടെയും സുഖത്തിനായി പ്രാർത്ഥിക്കാം നന്മയുടെ ലോകത്തിനായി പ്രത്യാശിക്കാം.

# ചിത്രം





ATHULYA K S (9B)

ലേഖനം

# വീരകേരളവർമ്മ പഴശ്ശിരാജ



ദിവ്യ രമേഷ് ( 9 H )

ആ കാലത്താണ് കോട്ടയം കോവിലകത്തെ ഇളമുറത്തമ്പുരാനായ കേരളവർമ്മ പഴശ്ശിരാജ വയനാട്ടിലെത്തിയത്.വൈദേശിക ശക്തിക്കെതിരെപോരാടുന്നതിന് സൈന്യ സന്നാഹം നടത്തുകയായിരുന്ന അദ്ദേഹം.കോട്ടയം പഴശ്ശി കോവിലകത്തെഏറ്റവും ധീരനായ സന്തതിയായിരുന്ന കേരളവർമ്മ.പഴശ്ശിയിലെ പടിഞ്ഞാറേ കോവിലകത്തിൽ ഇളയരാജാവ് മാത്രമായിരുന്ന അദ്ദേഹം.ബാല്യത്തിൽ തന്നെ ഉജ്വലമായ ദേശസ്നേഹവും വീര്യവും കേരളവർമ്മ പ്രകടിപ്പിച്ചിരുന്നു.അതുകൊണ്ടാണ് രാജകുടുംബാംഗങ്ങൾ തിരുവിതാംകൂറിലും മറ്റും അഭയം തേടിയപ്പോൾ കേരളവർമ്മ വയനാടൻകാടുകളിലേക്ക് കയറിയത്.

ശ്രീപോർക്കലി ദേവിയെ മനസ്സിൽ ധ്യാനിച്ചാണ്കേരളവർമ്മ എല്ലാദൗത്യങ്ങളും നിർവഹിച്ചത്.വയനാടൻ പോർക്കലി ഭഗവതിയും അദ്ദേഹത്തിന്റെ ആരാധ്യദേവതയായി, വയനാട് അദ്ദേഹത്തിന്റെ കർമഭൂമിയായി.വയനാടൻ ജനതയ്ക്ക് അദ്ദേഹം പൊന്നുതമ്പുരാനായി. ധാർമികമായ വിശ്വാസങ്ങളെ അടിസ്ഥാനമാക്കി ഒരു ഐക്യംസൃഷ്ടിക്കാനാണ് പഴശ്ശിരാജ ശ്രമിച്ചത്.സ്വധർമത്തിലുള്ള പരിപൂർണ്ണ വിശ്വാസമായിരുന്നു പഴശ്ശിയുടെ പ്രേരകശക്തി.ധാർമിക വിശ്വാസത്തെ തട്ടിയുണർത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ലേഖനം

# Beauties of nature

Nature is the beautiful creation of the God which he blessed to us a precious gift. Nature is full of beauties and blessings for humanity. Nature is not only a source of joy ,it is also a source of education. Nature has been the most favourite topic of works of many poets and artists. Nature is a source of inspiration. The word NATURE usually associates with beauty and calmness. Nature is every thing which surrounds us like water, air, sky, land, river, fire, forests, animals, birds, plants, sun, moon, stars, sea, lake, rain, thunder, storm etc.......................... Nature is a most beautiful and attractive surroundings around us natural environment to live healthy. We see and enjoy it every moment. Nature makes our life easy by providing all the required resources for daily living.



ATHIRA RAJAN (8 G)

We should thankful to our nature for helping, caring and nurturing us like a mother. Our nature is adorned with lots of scenic beauty which we can enjoy at any time. Earth has geographical beauty and known as the city of garden or heaven.

Nature is the integral part of the lives of everyone. Nature has some powerful transformative power which changes our mood and behaviour accordingly. Nature is our best friend which provides us all the resources to live here. We should never miss the pleasure of enjoying the nature.

കവിത

# ഒരുമാത്ര മാത്രമാണെങ്കിലും



SUJITH KUMAR (UPSA)

മഴ മേഘത്തോട് ചൊല്ലി
ആവതില്ല എനിക്കിനി പെയ്തിറങ്ങാൻ
ഈ ഉഷ്ണരാശിയിൽ നിൻ കുളിരായി
പിരിയാതെ കൂട്ടിരി ക്കവാൻ .
പൂമ്പാറ്റ പൂവിനോട് ഓതി
മടുത്തു നിൻ തേനും സുഗന്ധവും
അത്രമേൽ നിന്റെയീ -
മധുരമാം ലാസ്യ ഭാവങ്ങളും .
ചിറക് തൂവലി നോട് ചൊല്ലി
വയ്യ! നിൻ ഭാരമെനിക്ക് പേറുവാൻ
ഈ തണലരികിലൊരിത്തിരി
നേരം വിശ്രമിക്കട്ടെ ഞാൻ
വിത്തു പഴത്തിനോടായോതി
ഇല്ല ഞാനില്ലയീ പൊൻ മണ്ണിൽ
കിളിർക്കുവാൻ അന്ധമായൊരീ
വിശപ്പിന്റെ ദൈന്യമകറ്റുവാൻ
ഹാ എന്നിട്ടും!
കാലമാം ചക്രം അതിൻ രഥമേറി
കറങ്ങുന്നു ഒരു വെള്ളി രേഖതൻ പ്രതീക്ഷയാലിന്ന്.
അപ്പോഴോ
പെയ്യാതിരിക്കുന്നതെ ങ്ങിനെ ഞാനിന്ന്
ഗിരിശൃംഗങ്ങളെ തഴുകാതിരിക്കുന്നതെങ്ങനെ ഞാനിന്ന്
കുളിരായി തെന്നലിൽ കുളിരലയായ്
ആഴി തൻ മാറിലണയാതിരിക്കുന്നതെങ്ങിനെ ഞാനിന്ന്

പറക്കാതിരിക്കാനില്ലെനിക്ക്
പൂക്കാലത്തിന്റെ വരവറിയിക്കുവാൻ
ഏഴ്വ വർണ്ണങ്ങളാൽ ഏഴ്വ സ്വരങ്ങളിൽ
പാട്ടു പാടി പറന്നീടട്ടെ ഞാൻ
ഒരു ഇലയായ്, പുൽനാമ്പായെങ്കിലും
പടർന്നീടും ഞാൻ
ഉർവരമാകുമീ ഭൂമിയെ
ഒരു മാത്രയെങ്കിലും
ഒരു മാത്രമാത്രമാണെങ്കിലും .

സുജിത് കുമാർ

ലേഖനം

# സീതയെന്ന ആരാധനാമൂർത്തി



ദിവ്യ രമേഷ് ( 9 H )

പുൽപ്പള്ളിയിൽ രാമായണ ചൈതന്യം കടത്തിവിട്ടതിന്റെ തുടക്കം നമുക്ക് അറിയാം.ഉത്തര ദേശീയരിൽ നിന്ന് പുൽപ്പള്ളിയുടെ ഒരു തലമുറ രാമായണകഥ കേട്ടറിഞ്ഞു .ആ തലമുറ രാമായണകഥയ്ക് സ്വഭാഷ്യം ചമച്ച് പ്രചരിപ്പിച്ച അടുത്ത തലമുറയ്ക് കൈമാറി.അവരതിന് സാർവത്രികമായ മാനം നൽകി .സീതയെ ചീത്ത പെണ്ണായി സങ്കൽപ്പിച്ച് സ്വപുത്രിയ്ക് തുല്യമായ പരിഗണന നൽകി സ്നേഹിച്ചു.അടുത്ത തലമുറയാകട്ടെ സീതാദേവിയെ അമ്മയായി കണ്ട് ആദരിച്ചു. സീതാ മാതാവായിട്ട് ആയിരുന്നില്ല മറിച്ച് ചേടാറ്റിൽഅമ്മയായിരുന്നു അവരുടെ ആരാധനാമൂർത്തി.വിധിയാംവണ്ണം അമ്മയെ പരിപാലിച്ച് ഭക്തർ സായൂജ്യമടഞ്ഞു. ആശ്രമക്കൊല്ലിയിൽ ഒരുക്കി കൽമണ്ഡപം നിർമ്മിച്ച .പ്രാർത്ഥനാനിരതമായി കാലം കഴിഞ്ഞുപോയി .സർവാഭീഷ്ട പ്രദായിനിയായ ഈശ്വരചൈതന്യമായി ചേടാറ്റിൽഅമ്മ മാറിയെന്ന് സാരം.

ദിവ്യ രമേശ് 9 എച്ച്

ലേഖനം

# വയനാട്

വയനാട് പശ്ചിമഘട്ടത്തിൽ മഞ്ഞുനിറഞ്ഞ മലനിരകൾ ,കാട്, വന്യമൃഗങ്ങൾ ,പുഴകൾ ,ഗോത്രജനത ,എന്നീ പ്രത്യേകതകൾ ഉള്ള നാട് .നീലഗിരി കുന്നുകളോടു ,ബ്രഹ്മഗിരി (കുടക് ) കുന്നുകളും ,തോൾചേർന്ന് കിടക്കുന്ന നാട് .സുഗന്ധവ്യഞ്ജനങ്ങൾ പ്രശസ്തമായ നാട് .വയനാട് എന്നും ആളുകളെ മോഹിപ്പിച്ചിരുന്നു .കന്നടക്കാരേയും തമിഴരെയും മോഹിപ്പിച്ച നാട് ഹൈദരാലിയേയും ടിപ്പു സുൽത്താനെയും ബ്രിട്ടീഷുകാരെയും അവസാനം തിരുവിതാംകൂറിലേയും കേരളത്തിലെ മറ്റ് പ്രദേശങ്ങളിലെ യുംജനങ്ങളെ ആകർഷിച്ച നാട്



BINOY MATHEW
(UPSA )

വയ ൽ നാട് ലോപിച്ചാണ് വയനാട് എന്ന പേരുവന്നത് .ഗോത്രവർഗ്ഗ ജനങ്ങളായ കുറിച്യർ കുറുമർ കാട്ടുനായ്ക്കർ എന്നിവർ ധാരാളമായി ഈ ജില്ലയിലുണ്ട് നവീനശിലായുഗത്തിലെ ശിലായുഗത്തിലേതെന്ന് കരുതുന്ന ധാരാളം ആയുധങ്ങളും ഉപകരണങ്ങളും വയനാട്ടിൽനിന്ന് കണ്ടെത്തിയിട്ടുണ്ട്

## എടക്കൽ ഗുഹ

കൽപ്പറ്റയിൽനിന്ന് 25 കിലോമീറ്റർ ദൂരത്തിൽ അമ്പുകുത്തിമലയിൽ സ്വാഭാവികമായി ഉണ്ടായ ഗുഹയാണ് ഇത് ചരിത്രത്തിൻറെ വിവിധ കാലങ്ങളിലെ രേഖപ്പെടുത്തലുകൾ നമുക്ക് ഇവിടെ കാണാB C 6000 മുതൽ എടക്കൽ ഗുഹയിൽ മനുഷ്യവാസം ഉണ്ടായിരുന്നു എന്നാണ് കണക്കാക്കുന്നത് മനുഷ്യരുടെയും മൃഗങ്ങളുടെയും മതപരമായ കർമ്മങ്ങളുടെയും ആയുധങ്ങളുടെയും രേഖാചിത്രങ്ങൾ ഉണ്ട് സമുദ്രനിരപ്പിൽനിന്ന് 1200 മീറ്റർ ഉയരത്തിലാണ് എടക്കൽ ഗുഹ ഉള്ളത്

പ്രശസ്ത ചരിത്രകാരനായ രാഘവവാര്യർ സിന്ധുനദീതട സംസ്കാരവുമായി എടക്കൽ ഗുഹാചിത്രങ്ങൾ ചിത്രങ്ങൾക്ക് സാമ്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട് ശ്രീ എം വി ഭാസ്കർ പ്രോജക്ട് കോ-ഓർഡിനേറ്റർ സെൻടൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ക്ലാസിക്കൽ തമിഴ് നടത്തിയ ഫോട്ടോഗ്രാഫി സർവേയിൽ എടക്കൽ ഗുഹയിൽ നിന്ന് തമിഴ് ബ്രഹ്മി മലയാളം അക്ഷരങ്ങളും രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തി പുലികളെ കൊന്ന് ധീരനായ കുടുംബി യ രാജാവായ വിഷ്ണു വർമ്മ നെ കുറിച്ച് ഈ ഗുഹാ രേഖകളിൽ പരാമർശിക്കുന്നുണ്ട് മലയാളത്തിന്

ശ്രേഷ്ഠഭാഷാപദവി ലഭിക്കുന്നതിനുള്ള കാരണങ്ങളിലൊന്ന് എടയ്ക്കൽ ഗുഹയിൽ മലയാളം അക്ഷരം രേഖപ്പെടുത്തിയിരിക്കുന്നു എന്നതാണ്

## മഹാ ശിലാസംസ്കാരങ്ങൾ

യുദ്ധത്തിൽ യുദ്ധത്തിലോ മൃഗങ്ങളുമായുള്ള ഏറ്റുമുട്ടലിലോ ജീവൻ നഷ്ടപ്പെടുന്ന യോദ്ധാക്കളുടെ ശേഷിപ്പുകളും അവർ ഉപയോഗിച്ചിരുന്ന വസ്തുക്കളും സംസ്കാരം ചെയ്യുന്ന രീതി നിലനിന്നിരുന്നു ഇവരുടെ ഓർമ്മയ്ക്കായി അടക്കംചെയ്ത അതിനുമുകളിലായി വിവിധ ആകൃതികളിലുള്ള വലിയ കല്ലുകൾ മഹാശിലകൾ സ്ഥാപിച്ചിരുന്നു വയനാട്ടിലെ ധാരാളം പ്രദേശങ്ങളിലും നന്നങ്ങാടികൾ വീരക്കല്ല് കുടക്കല്ല് എന്നിവ കാണാൻ കഴിയും ഹിന്ദു ജൈന ബുദ്ധമതങ്ങളുടെ സ്വാധീനം നമുക്ക് വീര കല്ലുകളിൽ കാണാൻ കഴിയുന്നു

## രാജാക്കന്മാർ

ഐതിഹ്യപ്രകാരം ആദ്യ രാജവംശം പൂതാടി ആസ്ഥാനമാക്കി ഭരിച്ചിരുന്ന രാജാക്കന്മാർ ആയിരുന്നു ഇവർ കുറുമ സമുദായക്കാരായിരുന്നു AD 930 ൽ ഗംഗ രാജവംശത്തിലെ ഗംഗ ഡൈനാസ്റ്റി ഇരയെ പ വയനാട് കീഴടക്കി അദ്ദേഹത്തിൻറെ കാലശേഷം മകളായ ബട്ടനും രാജ മല്ലനും അധികാര തർക്കം ഉണ്ടാവുകയും രാജ മല്ലൻ കൊല്ലപ്പെടുകയും ചെയ്തു

പതിനൊന്നാം നൂറ്റാണ്ടിൽ ഗംഗരെ തോല്പിച്ച് കദംബരാജവംശം വയനാട്ടിൽ അധികാരത്തിൽ വന്നു രവിയമ്മ രാസഎന്ന കദംബ രാജാവ് കീർത്തി പുര തലസ്ഥാനമാക്കി വയനാടിനെ ഭരിച്ചിരുന്നു.

ഹൊയ് സാല രാജവംശത്തിലെ വിഷ്ണുവർദ്ധൻ 1104 ൽ വയനാട് കീഴടക്കി. എന്നാൽ മുക്കണ്ണ കദംബ എന്ന കദംബ രാജാവ് 1138 ൽ വയനാട് ഭരിച്ചിരുന്നു .പിന്നീട് വയനാട് വിജയനഗര സാമ്രാജ്യത്തിന്റെ ഭാഗമായി 1610 ൽ വിജയനഗരസാമ്രാജ്യം ക്ഷയിക്കുകയും ഉദയർ രാജ വോഡയാർ വിജയനഗര സൈന്യത്തെ തോൽപ്പിക്കുകയും അങ്ങനെ വയനാട് നീലഗിരി എന്നീ പ്രദേശങ്ങൾ അദ്ദേഹത്തിൻറെ ഭരണത്തിൻ കീഴിൽ ആവുകയും ചെയ്തു .അദ്ദേഹത്തിൻറെ തുടർന്നുള്ള കാലം കോട്ടയം രാജവംശത്തിലെ കീഴിലായി വയനാട്.

## പഴശ്ശിരാജ ,ഹൈദരലി, ടിപ്പു,ബ്രിട്ടീഷുകാർ

കോട്ടയം രാജവംശത്തിലെ കീഴിലുള്ള പ്രദേശങ്ങളിൽ നിന്ന് കറുത്ത പൊന്ന് എന്ന് അറിയപ്പെടുന്ന കുരുമുളക് ധാരാളമായി കൃഷി ചെയ്യുകയും കയറ്റുമതി ചെയ്യുകയും ചെയ്തിരുന്നു .തലശ്ശേരി തുറമുഖവും ഉണ്ടായിരുന്നു .അതിനാൽതന്നെ മൈസൂർ

രാജാക്കന്മാർക്കും ബ്രിട്ടീഷുകാർക്കും കോട്ടയം രാജ്യത്തെ തങ്ങളുടെ വരുതിയിൽ ആക്കണമെന്ന് ആഗ്രഹം എന്നുമുണ്ടായിരുന്നു .1773 ൽ ഹൈദരാലി കോട്ടയം രാജ്യത്തെ ആക്രമിച്ചു. ഹൈദറിന്റെ ശക്തമായ സൈന്യത്തെ നേരിടാൻ കഴിയാതെ കോട്ടയം രാജ്യത്തെ രാജാവും രാജവംശത്തിലെ മുതിർന്ന അംഗങ്ങളും തിരുവിതാംകൂറിലേക്ക് പലായനം ചെയ്തു.

രാജ്യത്തിൻറെ ഈ പ്രതിസന്ധിയിൽ അന്ന് 21 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന കേരളവർമ്മ പഴശ്ശിരാജാ ഹൈദരാലിയുടെ സൈന്യത്തിനെതിരെ ഗറില്ലാ യുദ്ധമുറയിൽ പൊരുതി .1781 ൽ ബ്രിട്ടീഷ് പഴശ്ശി സൈന്യത്തിന് തന്ത്രപരമായ നീക്കങ്ങളിലൂടെ മൈസൂർ സൈന്യത്തെ തലശ്ശേരിയിൽ തറപറ്റിക്കാൻ കഴിഞ്ഞു. ഇത് പഴശ്ശിയുടെ ആദ്യ വിജയങ്ങളിൽ ഒന്നാണ് .

എന്നാൽ മൈസൂർ സുൽത്താനായ ടിപ്പുവിൻറെ ആക്രമണങ്ങൾക്ക് പലപ്രാവശ്യം കോട്ടയം വിധേയമായി .പഴശ്ശിയുടെ പോരാട്ടങ്ങൾ തുടർന്നുകൊണ്ടിരുന്നു .1790 ൽ പഴശ്ശിയും ബ്രിട്ടീഷ് പട്ടാളവും തമ്മിൽ ഒരു കരാറിലെത്തി .ടിപ്പുസുൽത്താനും ആയുള്ള യുദ്ധത്തിൽ പരസ്പരം സഹായം നൽകുകയും കോട്ടയത്ത് പരമാധികാരം അംഗീകരിക്കുന്നതും ആയിരുന്നു ഈ കരാർ. 1792 ൽമൂന്നാം മൈസൂർ യുദ്ധത്തിൽ ടിപ്പുതോൽക്കുകയും ശ്രീരംഗപട്ടണം സന്ധിപ്രകാരം കോട്ടയം രാജ്യംകമ്പനിക്ക് നൽകുകയും ചെയ്തു .എന്നാൽ കമ്പനി കരാറിൽനിന്ന് പിന്മാറുകയും പഴശ്ശിയുടെ അമ്മാവനായ വീര വർമ്മ നെകോട്ടയം രാജാവാകുകയും ചെയ്തു .ബ്രിട്ടന്റെ യും വീര വർമ്മയുടെയും ചൂഷണങ്ങൾ വർദ്ധിച്ചപ്പോൾ പഴശ്ശി നികുതി പിരിക്കുന്നത് തടഞ്ഞു .1796 ൽകമ്പനി പഴശ്ശിയെ ആക്രമിച്ചെങ്കിലും അദ്ദേഹം അത്ഭുതകരമായി രക്ഷപ്പെട്ടു.

1797 ൽമാർച്ച് 18 ന് സൈന്യം മേജർ കാമറൂണിന്റെ നേതൃത്വത്തിൽ ഉള്ള 1100 കമ്പനി സൈന്യത്തെ കൊന്നൊടുക്കി .വിരലിൽ എണ്ണാവുന്നവർ മാത്രമാണ് രക്ഷപ്പെട്ടത്

ഇക്കാലത്ത് ആഗോളതലത്തിൽത്തന്നെ പല പ്രതിസന്ധികളും ബ്രിട്ടന് ഉണ്ടായി. അമേരിക്കൻ ഐക്യനാട്ടുകൾ ബ്രിട്ടണിൽ നിന്ന് സ്വതന്ത്രമായി .നെപ്പോളിയൻ യൂറോപ്പിലെ മറ്റു രാജ്യങ്ങളെ ആക്രമിച്ചു .ടിപ്പുവും പഴശ്ശിയും തമ്മിൽ ഉണ്ടാക്കുമെന്ന് കമ്പനി ഭയപ്പെട്ടു .ഇതെല്ലാം പഴശ്ശിയും ആയി സമാധാന സന്ധി ഉണ്ടാക്കുവാൻ ബ്രിട്ടനെ പ്രേരിപ്പിച്ചു .

1799 ൽ ടിപ്പുകൊല്ലപ്പെട്ടു .വയനാട് പിടിച്ചെടുക്കാനുള്ള ഒരു ശ്രമങ്ങളെ പഴശ്ശി എതിർക്കുകയും 1800 ൽ വീണ്ടും യുദ്ധം പൊട്ടിപ്പുറപ്പെടുകയും ചെയ്തു .അന്നത്തെ ഏറ്റവും

ശക്തനും യുദ്ധതന്ത്രജ്ഞനുമായ ആർതർ വെല്ലസ്ലി പ്രഭു വിനെയാണ് പഴശ്ശി യെതകർക്കാൻ നിയോഗിച്ചത് .പഴശ്ശിയുടെ ഗറില്ലായുദ്ധം മുറയോട് ഏറ്റുമുട്ടി വെല്ലസ്ലി പ്രഭു നിസ്സഹായനായി .വെല്ലസ്ലി പ്രഭു 1803 ൽശക്തരായ മറാത്ത സൈന്യത്തെ പരാജയപ്പെടുത്താൻ കഴിഞ്ഞെങ്കിലും പഴശ്ശി യെ തകർക്കാൻ കഴിഞ്ഞില്ല .1812 ൽപഴശ്ശിയുടെ തന്ത്രങ്ങൾ ഉപയോഗിച്ച് യൂറോപ്പിനെ വിറപ്പിച്ച നെപ്പോളിയനെ തോൽപ്പിക്കാൻ കഴിഞ്ഞു എന്നത് ചരിത്രം.മലബാർ കളക്ടറായ ബാബറിന്റെ നേതൃത്വത്തിൽ പ്രാദേശികമായ പ്രാദേശിക രായ ആളുകളെ (കോൽക്കാർ) ചേർത്ത് സൈന്യത്തെ ഉണ്ടാക്കി .ഈ അവസരം ആയപ്പോഴേക്കും പഴശ്ശിയുടെ ആൾബലം കുറഞ്ഞിരുന്നു .അദ്ദേഹത്തിന് കാട്ടിൽ ഒളിത്താവളങ്ങൾ മാറിമാറി ഒരു അഭയാർത്ഥി യെപോലെ കഴിയേണ്ടിവന്നു .ധീരനായ അദ്ദേഹം അപ്പോഴും കീഴടങ്ങാൻ തയ്യാറല്ലായിരുന്നു .1805 നവംബർ 30 ന് പുൽപ്പള്ളിക്കടുത്ത് മാവിലാംതോട് എന്ന സ്ഥലത്തുവച്ച് ബാബറിന്റെ നേതൃത്വത്തിലുള്ള സൈന്യവുമായി ഏറ്റുമുട്ടി വീരചരമം പ്രാപിച്ചു .

കോട്ടയം രാജ്യത്തിന് കണ്ണൂരിൽ 1000 ചതുരശ്ര കിലോമീറ്റർ പ്രദേശവും വയനാട്ടിൽ രണ്ടായിരം ചതുരശ്ര കിലോമീറ്റർ പ്രദേശം ആണ് അധികാരം ഉണ്ടായിരുന്നത് .വലിയ സൈന്യവും ആയുധങ്ങളും ഒക്കെ ഉണ്ടായിരുന്ന ഹൈദർ ,ടിപ്പു ,ഈസ്റ്റിന്ത്യാകമ്പനി എന്നിവരിൽനിന്ന് 1773 മുതൽ 1805 വരെ കോട്ടയത്തെയും വയനാടിനെയും അധികാരം കവരുന്നതിൽനിന്ന് തടഞ്ഞത് പഴശ്ശിയുടെ രാജ്യസ്നേഹവും ധീരതയും കൊണ്ടുമാത്രമാണ് .

## വയനാട് ഇന്ന്


1980 നവംബർ ഒന്നിന് ജില്ലയായി .2131 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുണ്ട് വയനാടിന്. 2011 ലെ സെൻസസ് പ്രകാരം 816558 ആ ആണ് ജനസംഖ്യ .ചതുരശ്രകിലോമീറ്ററിൽ 380 ആളുകൾ അധിവസിക്കുന്നു. വയനാടിൻറെ 344 ചതുരശ്ര കിലോമീറ്റർ പ്രദേശം വനമാണ് .

## പ്രതിസന്ധികൾ

മറ്റു പ്രദേശങ്ങളിൽനിന്നുള്ള കുടിയേറ്റം വയനാടിന് വികസനങ്ങൾ ഏറെ നൽകിയെങ്കിലും ഗോത്രജനതയുടെ സംസ്കാരങ്ങൾ ഏറെയും നശിപ്പിക്കപ്പെട്ടു വനമേഖലകൾ ധാരാളമായി വെട്ടി നശിപ്പിക്കപ്പെട്ടു

രാത്രി യാത്ര നിരോധനം, ചികിത്സാ സൗകര്യങ്ങളുടെ കുറവ് ,റെയിൽ പദ്ധതികൾ ഇല്ല, എന്നിവയെല്ലാം വയനാടിനെ ബുദ്ധിമുട്ടിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്.

# ചിത്രം





SARGA ( 9 C )

കവിത

# നഷ്ടം


VYGHA SUBEESH ( 8 D )

നഷ്ടത്തിൽ തേങ്ങുകയാണിന്ന് പലതും

തിളങ്ങുന്ന നക്ഷത്രങ്ങളിനിയില്ലെന്ന

നഷ്ട ഭാവത്തിൽ ആകാശഗംഗ

ശ്രീകൃഷ്ണ വേണ ആയില്ലെന്ന നഷ്ടത്തിൽ

തേങ്ങിക്കരഞ്ഞ് രാധ...

രാമഭദ്രനിൽ മുല്ലയായില്ലെന്ന

ഭാവത്തിൽ സീത -

വെള്ള കൊക്കായി പറന്നകന്ന

സഡാക്കോ സസാക്കി എന്ന നഷ്ടം

മാലാഖയായ ആൻ ഫ്രാങ്ക്

എന്ന നഷ്ടം

അതുപോലെ ---

ബാല്യമെന്ന നഷ്ടം

നികത്താനാവാത്ത നഷ്ടം

നമ്മിൽ നിന്ന് പറന്നകന്ന

നഷ്ട സ്വപ്നം...

മാതൃത്വത്തിനു മേൽ കരഞ്ഞമർന്നിരുന്ന

ബാല്യ മിന്നു നമ്മുടെ കൈ പിടിയിലില്ലാ....

കടന്നു പോയത്..... സമയം പോലെ

തിരികെ വരില്ലെന്ന വാശിയോടെ-.....

എന്ന പോലെ.......

പക്ഷേ....

ഇന്ന് ഞാൻ പിടഞ്ഞമർന്ന്

തേങ്ങുകയാണ്.....

തിരിച്ചു വേണമെനിക്ക് ബാല്യം

എന്ന് ഞാൻ വിതുമ്പിപ്പോകുന്നു....

തകർന്നടിഞ്ഞ ബാല്യ ഓർമ്മകൾ

തിരികെ വേണമെനിക്കെന്നു

തേങ്ങുന്നു ഞാൻ...

നഷ്ടമായ സമയം പോലെ

ഘടികാര സൂചികൾ പോലും

തിരിഞ്ഞു നോക്കുന്ന

ബാല്യം തിരികെ വേണം........

വൈഖ സുബീഷ് 8 D

## ചിത്രം





AGNAL SOJAN( 9 D )

ലേഖനം

# ടെസ്‌ലയുടെ വിദ്യാലയം

ടെസ്‌ലയുടെ വിദ്യാലയം സാദാ വിദ്യാലയം അല്ലായിരുന്നു .10 വിഷയങ്ങൾ ഇല്ലായിരുന്നു .എസ് എസ് എൽസി സമ്പ്രദായം ഇല്ലായിരുന്നു .കുട്ടികൾ അവരവരുടെ കഴിവുകൾ പ്രചരിപ്പിക്കാവുന്ന ചെറിയ വിദ്യാലയം. അതുകൊണ്ടുതന്നെ ടെസ്‌ലയുടെ വിദ്യാലയം മികച്ച വിദ്യാലയത്തിനുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയിരുന്നു. പ്രൈവറ്റ് വിദ്യാലയമാണ് ,മികച്ച അധ്യാപകരും മികച്ച വിദ്യാർത്ഥികളുമായിരുന്നു. അതിനാൽ ഇവർക്ക് കുറെയേറെ അവാർഡുകൾ ലഭിച്ചിരുന്നു. കലാകായിക ശാസ്ത്രമേളയിൽ കഴിവുതെളിയിച്ച കുട്ടികളാണ് ഇവർ .ഏഴാംക്ലാസുവരെ കുട്ടികൾ എല്ലാ വിഷയവും പഠിക്കുകയും എട്ടു മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ അവർക്ക് ഇഷ്ടമുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്യാമായിരുന്നു .വൈകുന്നേരം രണ്ട് മണിവരെ പഠനവും അതുകഴിഞ്ഞ് 'കുട്ടി കഴിവ് 'എന്ന പരിപാടിയിലൂടെ കഴിവ് വർധിപ്പിക്കുന്നു. രണ്ട് മണിമുതൽ മൂന്നുമണിവരെ ഒരു വിഷയം, ആ വിഷയം പഠിച്ച് ,എല്ലാ ദിവസവും വിഷയം കൊടുക്കുകയും പഠിക്കുകയും ചെയ്യുന്നു. ബുധനാഴ്ച എഴുത്തുപരീക്ഷ ഇടുന്നു .ജയിച്ചവർക്ക് സമ്മാനം കൊടുക്കുന്നുമുണ്ട് .3 മണി മുതൽ 4 മണിവരെ പ്രകടന സമയം. ചിത്രരചനയിൽ കഴിവുള്ള കുട്ടി ചിത്രം വരയ്ക്കുന്നു, ഡാൻസ്,അറിവ്,ശാസ്ത്രം എന്നിങ്ങനെയുള്ള കഴിവ് ,ഫ്രീ കോഴ്സുകൾ കായികമേളയിൽ മികവ് തെളിയിക്കാൻ ആയി വൈകുന്നാരം ട്രെയിനിങ്. 4 മണിക്ക് സ്കൂൾ വിടുന്നു. ഹോസ്റ്റലിലാണ് കുട്ടികൾ താമസിക്കുന്നത് .ഇവരുടെ ഏറ്റവും വലിയ കഴിവ് എഴുത്തുപരീക്ഷയിലെ മികവ് ആണ് .അതിനാൽ ഉപജില്ല ,ജില്ല ,സംസ്ഥാന, ക്വിസ് മത്സര പരീക്ഷകളിൽ ഇവർ വിജയിക്കുന്നു .ഇതിനാൽ ഇതുപോലൊരു ക്വിസ് ക്ലബ് നിങ്ങൾക്കും തുടങ്ങി കൂടെ ? ഒരു പ്രസിഡണ്ടും സെക്രട്ടറിയും ആയി നിങ്ങൾക്കും തുടങ്ങിക്കൂടെ ? ഒരു ദിവസം ഒരു വിഷയം കൊടുത്ത് പരീക്ഷ ഇടുക. തുടങ്ങുക ടെസ്‌ലയെ പോലെ നിങ്ങൾക്കും നല്ലബുദ്ധി തോന്നണം. ടെസ്‌ലയുടെ വിദ്യാർത്ഥികളെ പോലെയാവുക .



AKSHAY K P ( 9G )

അക്ഷയ് കെ പി 9

POEM

# From life to the end of the world



Christy Maria Thomas( 10 I)

From life to the end, every
little ones of the world has life
and death.
Gains an important role
But not a good ability

Thinks I am best but not at least
learns  to earn
Not to provide.
There is no love ,
with each other in the world
'World' people are raising day by day.
They are not looking the people of low

In the world people are looking
for their own happiness
Not the happiness of the society
but there will be happiness
if the people collect happiness of the society
God will care you ,
From life to the end of the world.

കവിത

# മഞ്ഞുകാലം



അതുല്യാമോഹനൻ
( 9H )

മഞ്ഞു പൊഴിയുമ്പോഴെൻ തളിരിലകളിലൊരു -

നാമ്പു ചെറു മഞ്ഞുതുള്ളിപോൽ നീയി രു ന്നു.

ഒരു മഞ്ഞുതുള്ളിപോൽ നീയിരുന്നു

നിദ്രപൂണ്ടു ഞാൻ തളിർ നാമ്പു -

കുട്ടി യെൻ വിശ്വ കീർത്തികളൊരു മയോടെ

വിശ്വ കീർത്തികളൊരു മയോടെ

എന്തിനെന്നോ തിനെന്നു രുകയില്ലയോ

നിൻ ചെറുപ വിഴച്ചൊടികളാൽ

നിൻ ചെറുപവിഴച്ചെടികളാൽ

മധ്യകാലേ നനവോത്ഥാന മെപ്പഴും -

നിൻ ചരിത മത്രയും ചൊല്ലിടുന്നു.

നിൻ ചരിത മത്രയും ചൊല്ലിടുന്നു.

ഒരു കൊച്ചു പൂവിതൾ കുളിർ കോരിയെത്തുന്ന

നിൻ ചെറുതുള്ളിക്കിതെന്തു സുഖം.

നിന്റെ കയ്യൂന്നിയ എൻ പാദങ്ങൾ ഇന്ന്

നിന്നെയോർത്താ മനം വിങ്ങിടുന്നു.

നിന്നെയോർത്താ മനം വിങ്ങിടുന്നു.

അതുല്യാമോഹനൻ 9 H

## ARTS



## SPORTS



കവിത

# ഓർമ്മകൾ




തേങ്ങിക്കരഞ്ഞുകൊണ്ടവൻ

ജാലകപ്പഴുതിലൂടെത്തി നോക്കവേ ....

ജാലകപ്പഴുതിലെ പക്ഷി പതിയെ ചിലച്ചു.

ചിലക്കെ ചലക്കെ ചോദിച്ചു

ആരാണത്....... ആരാണത്- .....

തേങ്ങലടക്കി കൊണ്ടവൻ പതിയെ മന്ത്രിച്ചു.

ഓർമ്മകളാണത്. ..... ഓർമ്മകൾ

ജീവിത പാതയിലേക്ക് വീണ്ടും നാം

തിരിഞ്ഞു നോക്കവേ...

നമ്മുടെ കണ്ണിനെ ഈറനണിയിക്കുന്ന

ഓർമ്മകൾ ..............

സങ്കടങ്ങളെ മാത്രം പേറി

സന്തോഷങ്ങളെ അകറ്റുന്നവൾ.

സങ്കടങ്ങളെ മാത്രം പേറി

നമുക്കായ് കാത്തുവെക്കുന്നവൾ

ഓർമ്മകൾ:........................

തേങ്ങലടക്കാനാവാതെ ഇടറിയ

തൊണ്ട കൊണ്ടവൻ പറഞ്ഞു

ജീവിതമെന്ന സർക്കസിൽ

കാണികളെപ്പോലും കോമാളിയാക്കുന്ന

കോമാളിയാണവൾ'.............

ഓർമ്മകൾ.......................

സന്തോഷങ്ങളെ ആട്ടിപ്പായി ച്ച്

സങ്കടങ്ങളെ പെറ്റെട്ടുക്കുന്ന

ഒരമ്മയാണവൾ............

ഓർമ്മകൾ...........

ഓർമ്മകളുടെ ഏറ്റവും വലിയ കളി

അവയ്ക്കൊരു വിനോദ മുണ്ട്

വിശിഷ്ടമായവയെ എടുത്തെറിഞ്ഞ്

വേദനിപ്പിക്കുന്നവയെ കാത്തുവെക്കും

അവൻ പറഞ്ഞു.......

അതും പറഞ്ഞു കൊണ്ടവൻ

ജാലകപ്പഴുതിലേക്കെത്തിനോക്കവേ

ചിലച്ചു കൊണ്ടിരുന്ന പക്ഷി

മാഞ്ഞു പോയി.... മറഞ്ഞു പോയി....

വീണ്ടുമവൻ തനിച്ച് ......

കൂട്ടിന് വേദനിപ്പിക്കുന്നോർമ്മകൾ മാത്രം.

ഭീതിയിൽ അവനവനോട് തന്നെ

ആരാഞ്ഞു...

ഇനി... ഇതു മൊരോർമ്മയാകുമോ....

ജാലകപ്പഴുതിലെ പക്ഷി സമ്മാനിച്ച

വേദനിപ്പിക്കുന്നോർമ്മ....

വൈഖ സുബീഷ് 8 D

കവിത

# നിളയൊഴുകുമ്പോൾ.



സുനിത.കെ.ആർ
( 8 H )

എൻ മിഴിയിൽ നിറയും അഴകായവൾ
എന്നും എനിക്കൊരു തുണയായ് വന്നു.
ആ നന്ദ പൂർണ്ണമാം ആ ദിനങ്ങൾ
ജീവിത മതിലൊരു വേദനയായവൾ
നിളയൊഴുകി പേരിന്നതു പോലൊരു നാളിൽ
പോട്ടെന്നു ള്ളൊരു വേദന തന്നു.
അമ്മ തൻ മിഴിയിലെ കണ്ണു നീരെന്നും
കോപം കൊണ്ട് കുത്തിയൊഴുകും നിളയായ്
അവളത് വേദന സഹിക്കാതെ ന്നി വ ൾ
ഭൃമിയിൽ ശാപമായ് തീരുന്നൊരു നാൾ
ഒരു പിഞ്ചു പൈതലെന്ന പോലെ
നൻമ ഹൃദയങ്ങളെ ഉണർത്തിയ വഴിത്താരയായ്
ഓർക്കുന്നു വീണ്ടും ആ അമൃതവർഷത്തെ
പുതിയൊരു സങ്കൽപമാം സ്വപ്നത്തെ
പൃ ഘിയിൽ ഉണർത്തിയ വ രൊന്നായ്
ഒരിക്കലും വളരാത്ത മോഹിനിയെ
വീണ്ടും ഉണർത്താൻ ചുവടുകൾ വെച്ചു.
മധുരം നുകരും നിളയുടെ വേദന
എന്നും നാടിന്റെ നൊമ്പരമായ് അനന്തമായ്.

സുനിത.കെ.ആർ 8 H

# प्रलय केरल का नव निर्माण



AMOGHA M P

( 9C )

हमारा राज्य है यह भारत का सुंदर  राज्यों में से एक है आज केरल उन्नति की ओर बज रहे हैं लेकिन कुछ दिनों पहले केरल में एक बाढ़ आई थी 51 प्रकृति प्रकोप है इसकी प्राकृतिक कारणों को हम नहीं रोक सकते लेकिन जो प्रकोप मनुष्य के कारण ही रहे हैं उसको हम जरूर रोक सकते हैं इससे ही हम टेरर का नव निर्माण शुरू कर सकते हैं और इससे ही केरल का नवनिर्माण होगा केरल के नव निर्माण के लिए सबसे पहले हमें जल का संरक्षण करने की जरूरत है खाने के बिना हम कई दिनों तक जी सकते हैं लेकिन पानी के बिना कुछ घंटों तक जीना असंभव है इसलिए तो पानी हमारे जीवन का बहुमूल्य अंग है हमारी भूमि के सादाबाद पानी से भरा हुआ है फिर भी हमें आज पीने की पानी की कमी होती है मनुष्य के ज्यादा लालच के कारण हमारी पानी की सुविधा आज नष्ट होती जा रही है प्रदूषण इसका एक मुख्य कारण है आज हमारे देश में प्रदूषण एक बहुत बड़ी समस्या है इसके वजह से हमारा जीवन आज खतरे में है कारखानों से निकलते कूड़े कचरे और विषैला जल्दी को प्रदूषित करते हैं आज हमारी नदियां इतना प्रदूषित है बढ़ती आबादी के कारण भी बढ़ाना पढ़ते हैं य से जल प्रदूषण एक मुख्य कारण है जल का संरक्षण  हमारा कर्तव्य है जब वह बाढ़ आई थी सबके घर में पानी घुस गई है गई थी इस बार के बारे में सोचते ही सत्ता हाथ काम अपने लग जाते हैं सब आग से डरते हैं लेकिन कोई भी पानी से नहीं डरते और प्रगति के साथ साथ पानी का भी शोषण करते हैं कुछ लोग सोचते ही की क्या पानी से ऐसा हो भी सकता है लेकिन इस बार के बाद कोई ऐसा नहीं सोचेगा इस प्रदूषण को और प्रकृति शोषण को रोकने के लिए बनार ओपन एक अच्छा उपाय है हमें प्रकृति का संरक्षण भी करना चाहिए बड़े-बड़े इमारतों का निर्माण काम करने की जरूरत है प्लास्टिक का उपयोग कम करना होगा स्वच्छता को हम अपना सकते हैं इससे हमें करो कैसा महसूस होगा और लोग भी हमें पसंद करेंगे खेती को बढ़ावा देना भी इसके लिए एक अच्छा उपाय है इससे ही केयर का नव निर्माण संभव है इससे ही हमारा केरल फिर से उन्नति तक पहुंच पाएगा

# हमारी राष्ट्रभाषा हिंदी




हिंदी भारत की राष्ट्रभाषा हैवर्षम वाह रे भारत की राज्य भाषा अंग्रेजी थी वह विदेशी भाषा थी जब आजादी की लडाई शुरू हुई तब भारत के नेताओं के दिल में एक राष्ट्रभाषा की आवश्यकता मालूम हैगांधी जी की मातृभाषा गुजराती थी राजबाला जारी की मातृभाषा तमिल थी तो भी यह सब नेता हिंदी को राष्ट्रभाषा बनाने की कोशिश कर लेगी

भारत में **14** प्रमुख भाषाएं हैं तो भी हिंदी ही उनमें प्रमुख है क्योंकि आदमी गरीब या या नीस प्रतिशत लोगों की हिंदी अपनी मातृभाषा है

ലേഖനം

# നാടിനെ നടുക്കിയ പ്രളയം

പ്രളയങ്ങളെ നനച്ച് ഒതുക്കാൻ ത്രാണിയുള്ള പാടങ്ങൾക്ക് നിയമസഭയിൽ ചരമഗീതം എഴുതിയപ്പോൾ, തണ്ണീർത്തടങ്ങളെ കൊല്ലാനുള്ള നിയമം സൃഷ്ടിച്ചപ്പോൾ ,നമ്മൾ പറഞ്ഞു അരുത് ...ആരും കേട്ടില്ല.അനന്തരം പക്ഷേ പ്രളയം ഉണ്ടായി .മരണ വീടിനെ ക്കുറിച്ച് പറഞ്ഞു .മരണവീട്ടിൽ മര്യാദകൾ ഉണ്ടാവണം.മൗനമാണ് ഒരു മര്യാദ.അതിനാൽ നമുക്ക് നിശ്ശബ്ദരാകാം . പക്ഷേ ഒരു മരണവും ഓർമ്മകളെ ഇല്ലാതാക്കുന്നില്ല.



ഹസ്നത്ത്
( 9G)

എല്ലാത്തരം വിഭാഗീയതകളും ഈ പ്രളയത്തിൽ കുത്തി ഒലിച്ചുപോയി.ആണും പെണ്ണും കുട്ടികളും വൃദ്ധരും നാട്ടിലുള്ളവരും പ്രവാസികളും എല്ലാവരും ചേർന്ന് ജീവിതത്തെ കരകയറ്റാൻ ഒന്നിക്കുന്നതാണ് കേരളം കണ്ടത്.നന്മയുടെ പ്രളയം കൊണ്ട് ഈ ജല പ്രളയത്തെ തോൽപ്പിക്കുകയായിരുന്നു. ഉള്ളിൽ കരുതിവെച്ചിരുന്ന നന്മകളെല്ലാം കൂടി കുത്തിയൊലിച്ച് വന്നപ്പോൾ മലയാളി മറ്റൊരാളായി മാറി.

## അവർ കടലോളം സ്നേഹം വിളമ്പുന്നു

കുത്തി ഒഴുകിവന്ന പ്രളയ ജ ല ത്തിനുമേൽ സാധാരണക്കാർ മാത്രമല്ല വിദഗ്ധ പരിശീലനം ലഭിച്ച രക്ഷാപ്രവർത്തകർ വരെ പകച്ചുപോയി.ആശങ്കയുടെ ആ മണിക്കൂറുകളിലേക്കാണ് കടലിൻറെ മക്കൾ വള്ളം ഇറങ്ങിയത്.

ജീവൻറെ ഭാരം പോലും പുറത്തേറ്റാനുള്ള കഴിവ് മുക്കുവൻമാർ ആർജ്ജിച്ചെടുത്തത് ഇവിടെ നിന്നായിരിക്കണം .കിതപ്പ് മാറ്റാൻ പോലും നിൽക്കാതെ പലരേയും ജീവിപ്പിക്കാനായി അവർ മരിക്കാൻ തുനിഞ്ഞു.ആ നിഷ്ക്കളങ്കതയെ തിരിച്ചറിയാനാവാതെ കുനിഞ്ഞ് നിന്ന ആ പുറത്ത് നമ്മളറിയാതെ ചെരുപ്പിട്ട് ചവിട്ടി കയറിപ്പോയി.ഇനി നമ്മൾ മനസ്സിലാക്കേണ്ടത് മാറ്റത്തിലേക്കിനി അധികം ദൂരങ്ങളേയില്ല.


FLOOD RELIEF


ASSEMBLY

ചിത്രം





LIYONA ( 9 C )

കവിത

## മാനസവീണ

സ്വപ്നമേ എന്തിനു നീയൊരു
മാനസവീണ ആയിത്തീർന്നു
കരയാതെ നിക്കൊരു ജീവിതമുണ്ടോ
പൊഴിക്കുവാൻ ഇനി കണ്ണുനീർ ഉണ്ടോ...........
പറയുവാനാവാതെ കരയുവാൻ ആവാതെ
നീറുകയാണ് എൻ ആത്മാവ്
ദുഃഖഭാരത്താൽ എരിയും ഞാനൊരു
അഗ്നികുണ്ഡത്തിലെശലഭമല്ലേ...........
വിടരുവാൻ ആയി പ്രഭാതമേ നീ
കാത്തിരിപ്പാണെൻ വീണയിൽ
എൻ ഹൃദയത്തിലെ വെള്ളിനക്ഷത്രമേ
എന്നിനി വിടരും നീ മുകുളമേ............



സുനിത.കെ.ആർ
( 8 H )

# കാത്തിരിപ്പ്

രാത്രിതൻ സൗന്ദര്യമാം നിൻവെട്ടം
അറിയാതെ പോയി താ ഇന്നു ഞാൻ
നിലാവു തൻ ചാരുതയിൽ
അറിയാതെ മിഴിച്ചു നിന്നിതാ ഞാൻ .

ഇലകൾ തൻ കൈക്കുമ്പിളിൽ നീ
അറിയാതെയൊന്നു സ്പർശിച്ചപ്പോൾ
ഞാൻ ഒന്ന് ആശിച്ചു പോയി
നീ എന്നിലേക്കടുക്കുവാൻ

തിളങ്ങുമീ നിൻവെട്ടം

ലോകമെങ്ങും പ്രകാശിച്ചപ്പോൾ

നിന്നിലേക്കടുക്കുവാൻ ഞാൻ

ഇന്നും കാത്തിരിക്കുകയാണ്.

നിൻ ചിരിയിൽ ലോകമെങ്ങും

ഭ്രമിച്ചു നിന്നപ്പോഴും ഞാൻ

ആശിച്ചത് ഒന്നു മാത്രം ........ ..

ഒന്നു മാത്രം............ നിന്നിലേക്കടുക്കുവാൻ

സുനിത.കെ.ആർ.8 H

കവിത

# കലികാലം



അതുല്യാമോഹനൻ
( 9H )

കലികാലമാണിത് ഭൂമി തൻ ചുടുരക്ത-

മൂറ്റി ക്കുടിക്കും വിഹായസ്സുകൾ

തീയിലാണന്ത്യ മെ ന്നാരോ പറയുന്നു

ചുടുരക്ത മതിലൊന്നു മാത്രമെന്നും.

 വല്യ തെന്നും ചെറുതെന്നു മന്തര-

മില്ലാത്തൊരായിരം ജനതകളിന്നിവിടെ

അനുഭവമെന്നത് പുസ്തകത്താളിലെ

പാഠമാണെന്നതും സത്യം

ഒരു തുള്ളി കണ്ണീരിനർത്ഥമെന്തെന്നത്

കാലവർഷത്തിൻകെടുതീ

ഒരു ജാതി ഒരു മതമൊരു ദൈവമെ -

ന്നൊരു സത്യം

ഹിന്ദു തൻ രക്ത മിന്നിസ്ലാം ഞരമ്പി -

ലൂ ടൊഴുകുന്നുമെന്നോ ര നുഭവം

മത മിന്നുമൊത്തൊരു ഭൂടയായി -

മാറിയതിന തിരില്ലാ ഇന്നൊന്നു

മെന്ന സത്യം.


J R C


FOOT BALL COACHING

# കുഞ്ഞു ദൈവങ്ങൾ പഠിപ്പിച്ചത്



നെസി ജോസഫ്
( HSA MAL )

ടീച്ചർ ....... അച്ഛനും അമ്മയും ....

കണ്ണുനിറച്ചാണ് നില്പ്.

കുടുംബ ബന്ധങ്ങൾ ഊഷമളമാകേണ്ടതിന്റെ ആവശ്യകത (പശ്ചാത്തലം)

പാഠം (അമ്മമ്മ )

അമ്മ പറയുന്നു - എന്റെ കൂടെ - അച്ഛ നും അങ്ങനെ തന്നെ.

സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ വളരെ ശരിയെന്ന് നാട്ടുകാർ തെറ്റും ശരിയും മാറ്റി നിർത്തിയാൽ .... നിറഞ്ഞ കണ്ണുകൾ ആഗ്രഹിച്ചത്.... ആരെങ്കിലും ഒന്ന് ചേർത്ത് നിർത്തണംന്നായിരുന്നു.

*      *      *      *      *      *      *      *      *      *      *      *      *

അച്ചടക്കത്തിന്റെ രസമാപിനിയിൽ എന്തിനാണീ ഇൻസുലേഷൻ ?

ജോമിറ്റിന്റെ എന്നോടുള്ള ചോദ്യത്തിനു _ ചൂരലില്ലാതെയും അച്ചടക്കമുള്ള ക്ലാസ്സുകളാകാൻ ടീച്ചർ നന്നായി പാഠങ്ങൾ ഒരുങ്ങിത്തന്നെ വന്ന് ബോറാക്കാതിരുന്നാൽ മതി എന്ന് എനിക്ക് ക്ലാസ്സെടുത്തത് വൃന്ദ യാണ്.

*      *      *      *      *      *      *      *      *      *      *      *      *

<u>പിറ്റേന്ന്</u> _

മൂന്ന് കുഞ്ഞിപ്പെങ്ങൻമാരുടെ കുഞ്ഞാ ങ്ങള 8 -ാംക്ലാസ്സുകാരൻ ക്ലുലിപ്പണിക്ക് പോയിരിക്കുന്നു.-- നിത്യവൃത്തിക്ക് തന്നെ .

<u>തലേന്ന്</u> --

" ഏതൊന്നറിഞ്ഞാൽ മറ്റെല്ലാമറിയാ-

മാവേദം വിശപ്പെന്നറിഞ്ഞു കൊണ്ടാൽ "

അവന്റെ മുമ്പിൽ വല്യ 'ടീച്ചർ'--- ഞാൻ ആടിയും പാടിയും തീർത്ത കവിത.

ഇന്ന് ---

ഗൃഹപാഠം അവതരണം: -'വിശപ്പ് 'ഒരു കഥാപാത്രം തന്നെയായികേച്ചേരി ഈ കവിതയിൽ അവതരിപ്പിക്കുന്നുവോ ?

സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കൽ

കഥാനായകൻ ഗൃഹപാഠം ചെയ്തിരുന്നില്ല.

* * * * * * * * * * * *

അവന്റെ പുഞ്ചിരിയുടെ മാസ്മരികതയിൽ അച്ഛന്റെ ഒരോ രാത്രിയുടെയും മദ്യപാനത്തിന്റെ കണ്ണീർ നനവ് കൂടിയുണ്ടെന്ന് കണ്ടെത്തിയതും.....

നമ്മുടെ ക്ലാസ്സിൽ ഇത്ര ഭംഗിയായി ചിരിക്കുന്ന മറ്റൊരാളില്ലെന്ന് തിരിച്ചറിഞ്ഞതും എന്റെ കുഞ്ഞു ദൈവം നന്ദുവാണ് ...... നമ്മളായിട്ട് അവന്റെ ചിരി തല്ലിക്കെടുത്തരുതെന്ന കൂട്ടിച്ചേർക്കൽ കൂടിയായപ്പോൾ.....

ഈ വേഷം ഉള്ളിടത്തോളം കാലം ഈ കുഞ്ഞു ദൈവങ്ങൾ എനിക്കിങ്ങനെ തിരിച്ചറിവുകൾ തന്നു കൊണ്ടേയിരിക്കും.

പള്ളിക്കൂടത്തൊരു പള്ളിക്കൂടം -- സ്വപ്നമായിരുന്നു.-- തിരിച്ചറിഞ്ഞിരിക്കുന്നു -- ഇത്രയും ദൈവങ്ങൾ ഓടി നടക്കുന്നിടം ഇതു തന്നെ യഥാർത്ഥ ദേവാലയം --- തിരിച്ചറിവുകൾ തരുന്നിടം ഞാൻ ഞാനല്ലാതാകുന്നിടം

നെസി ജോസഫ്

കവിത

# ഒരു ലെസ്ബിയൻ യാത്രാമൊഴി

ഞാൻ ....കാളി, ഭദ്ര അല്ല

നിൻറെ വർണ്ണനകളിൽ നിന്ന് വഴുതി മാറിയവൾ

നീ അണിയിച്ച കുലീനതയുടെ വസ്ത്രം എനിക്ക് ഇണങ്ങില്ല



സ്മിത .കെ.എസ്
( HSA MAL )

എൻറെ കയ്യുകൾ താമരയിതളല്ല,

കാലുകൾ കദളിവാഴ യുമല്ല ,

ശരീരം പൂ വല്ലി യല്ല.......

നൂറ്റാണ്ടുകളുടെ തഴമ്പു കൊണ്ട്

വടു കെട്ടി പരുപരുത്തത്,

കരിപിടിച്ചത് ,

വയലിലെ ചെളിമണമുള്ളത്.

എന്നെ അണകെട്ടിത്തടയാൻ ഇനി നിനക്കാവില്ല.

എന്റെ നദീ വസ്ത്രം ഊരിയെറിയാനും നിനക്കാവില്ല.

എന്റെ ചുഴികളും മണൽത്തടങ്ങളും നിനക്ക് മദിക്കാനുള്ളതല്ല.

എന്റെ കടലുകളെ അളക്കാനോ

ആകാശങ്ങൾക്ക് അതിരിടാനോ

നീ ശ്രമിക്കണ്ട.

സീതയുടെയും സാവിത്രിയുടെയും വാർപ്പിൽ

ഇനി നിനക്കെന്നെ ഉരുക്കിയൊഴിക്കാനാവില്ല.

പഴഞ്ചൊൽച്ചട്ടിയിൽ ചെമ്മീനായി പൊള്ളിക്കാനുമാവില്ല .

കാരണം

ഇനി നിനക്കെന്നെ പിടി കിട്ടില്ല.

ദേവിയായി കോവിലിലടക്കാനോ

യക്ഷിയായി പാലയിൽ തളക്കാനോ

കല്പനകളുടെ ലക്ഷ്മണരേഖയിൽ
തടവിലിടാനോ കഴിയില്ല.

എന്റെ കാമനകളുടെ കൊട്ടുമുടികൾ അരിഞ്ഞു തള്ളാൻ
നിന്റെ വാളിന് മൂർച്ച പോര.
നിന്റെ മുഴക്കോലുകൾക്ക് എന്നെ അളക്കാനുമാവില്ല.
എന്റെ പ്രണയ കോശങ്ങൾ നിനക്ക് വെളിപ്പെടില്ല.
ആത്മാവിന്റെ ശബ്ദം നിനക്ക് കേൾവി പ്പെടില്ല.
കാലം കല്ലിച്ച കിടക്കുന്ന എന്റെ ഒരു തുള്ളി കണ്ണീരുമതി
നിനക്ക് മുങ്ങിച്ചാവാൻ.

ഇനി ഇവളാണ് എന്റെ ഇണ,
എന്റെ പെൺതുണ.

കാരണം

ഇവൾ ഞാൻ തന്നെയാണ്.
നിനക്കറിയാത്തവ ഇവൾക്കറിയാം
ഞരമ്പുകൾ വലിഞ്ഞു മുറുകിപ്പൊട്ടുന്ന
ജീവകോശങ്ങളുടെ പ്രാണവേദന....
മുള പൊട്ടുന്ന കൊച്ചു നാമ്പുകൾക്ക്
ആകാശത്തേക്ക് പടരാനുള്ള തീവ്ര മോഹം.

ഞങ്ങൾ ഒരിക്കലും നിനക്ക് ജൻമം തരില്ല

കാലാന്തരത്തിൽ ,ഏതെങ്കിലുമൊരു ചരിത്ര സന്ധിയിൽ
നമുക്ക് വീണ്ടും കണ്ടുമുട്ടാം.
അന്ന്,

പി റവിയെടുക്കാൻ കഴിയാതെ ശ്വാസം മുട്ടി
പാപബോധം കൊണ്ട് കറു കറുത്ത
ഒരു മേഘമായി നീ എന്റെ കാൽക്കൽ പെയ്തടിയും അന്ന്,

ഞാൻ എന്നെ നിനക്ക് പകുത്തുതരും.

വളരെ കരുതലോടെ, അളന്നു മുറിച്ച്.

കാരണം

ആട്ടിൻ തോൽ മാത്രം ഇടാൻ അറിയുന്ന

പാവം ചെന്നായ അല്ല നീ

എൻറെ വിശ്വാസം മുതലെടുക്കാൻ

സന്യാസിയായും ബിഷപ്പായും മുസല്യാരായും നീയെത്തും.

അധ്യാപകനും അധികാരിയും തെരുവ് ഗുണ്ടയും ആകും

കാമുകനും സഹോദരനും അച്ഛനും ആകും

കലാലയ മോശ്രീ കോവിലോപള്ളിമേട യോ കശാപ്പുശാലയാക്കും

ഒടുവിൽ ചണ്ടിയായി വലിച്ചെറിയാൻ

എന്റെ ജൻമം നിനക്ക് ഞാൻ തീറെഴുതിത്തരില്ല.

എന്നാണോ നീ അശുദ്ധിയായെണ്ണുന്ന

എന്റെ വിശുദ്ധികൾ

നിനക്കും വിശുദ്ധിയാവുക,

എന്നാണോ നിന്റെ ഉള്ളിൽ എന്നെയും

എന്റെ ഉള്ളിൽ നിന്നെയും നിനക്ക് കണ്ടെത്താനാവുക.

അന്നുവരെ

എന്റെ ശ്രീകോവിൽ നീ തൊട്ടു തീണ്ടരുത്....

ദൂരെ നില്ക്കുക.... ഒരു തീണ്ടാപ്പാടകലെ ദൂരെ..... -

സ്മിത .കെ.എസ്

## ചതിയുടെ കഥ പറയുന്ന വയനാടിന്റെ ചങ്ങല മരം


അനുപ്രിയ വിനോദ്
( 9B )

വയനാട്- ലക്കിടി ഹൈവേയ്ക്ക് സമീപം സ്ഥിതിചെയ്യുന്ന ഒരു വൃക്ഷമാണ് ചങ്ങല മരം.ഈ മരത്തെ ചുറ്റിപ്പറ്റി ഒരു കഥയുണ്ട്. ഒരു പണിയന്റെ കഥ.വയനാടൻ ഗോത്രവർഗ്ഗമായ പണിയ സമുദായത്തിൽ ജീവിച്ചിരുന്നകരിന്തണ്ടൻ .വയനാട്ടിലെ സ്ഥലങ്ങളെ കുറിച്ച്നല്ല അറിവുണ്ടായിരുന്നു കരിന്തണ്ടത്.

പണ്ട് ഇന്ത്യയിൽ ഇംഗ്ലീഷുകാർ ഭരിച്ചിരുന്ന സവയത്ത് വയനാട്ടിലേക്ക് ചരക്കുകൾ കൊണ്ടു വരുന്നതുംയാത്ര ചെയ്യുന്നതും അത്ര എളുപ്പമായിരുന്നില്ല.ഇതിനു കാരണം വയനാട്ടിലെ വനങ്ങളും ചെങ്കുത്തായ മലനിരകളുമായിരുന്നു.ആ കാലഘട്ടത്തിൽ വയനാട് വിലമതിക്കാനാവാത്തവിഭവങ്ങൾ കൊണ്ട് സമൃദ്ധമായിരുന്നു.വയനാടിന്റെ പ്രകൃതി വിഭവങ്ങൾ കണ്ട് മനം മയങ്ങിയ ഇംഗ്ലീഷുകാർ വയനാടിനെ സ്വന്തമാക്കാൻ ആഗ്രഹിച്ചു'.അന്നത്തെ ബ്രിട്ടീഷുകാർ വയനാട്ടിലേക്ക് വരാൻ ഒരു മാർഗ്ഗം കണ്ടെത്തി.താമരശ്ശേരി മുതൽ വയനാട് വരെ വഴി നിർമിക്കുക'ആ പാത നിർമാണത്തിന്റെ മാർഗ്ഗദർശിയായിരുന്നുകരിന്തണ്ടൻ'.

അങ്ങനെ കരിന്തണ്ടന്റെ മേൽനോട്ടത്തിൽ പാതയുടെ നിർമ്മാണം നടന്നു വന്നു.തങ്ങളാണ് ഈ പാത ആദ്യം കണ്ടു പിടിച്ചത്എന്ന ബഹുമതിക്കു വേണ്ടി അന്നത്തെ ബ്രിട്ടീഷ് ഓഫീസറും പാതയുടെഎഞ്ചിനീയറുമായ ഇംഗ്ലീഷുകാരൻകരിന്തണ്ടനെ മലമുകളിലേക്ക്കൊണ്ടുപോയി വെടിവെച്ചുകൊന്നു. അതിനു ശേഷം കരിന്തണ്ടൻ കൊല്ലപ്പെട്ടസ്ഥലത്തിനടുത്തായിചരക്കുമായിചുരം കയറുന്ന ലോറികൾ പലതുംഅപകടത്തിൽപ്പെടുന്നത് നിത്യസംഭവമായി മാറി.ഇതെല്ലാം കരിന്തണ്ടന്റെ ആത്മാവ് ചെയ്യുന്നവിക്രിയകളാണെന്നുള്ളവിശ്വാസം പ്രദേശവാസികൾക്കുള്ളിൽശക്തമായി.

പിന്നീട് അവിടെ എത്തിയ പുരോഹിതൻകരിന്തണ്ടന്റെ ആത്മാവിനെചങ്ങലയിലാക്കി മരത്തിൽ തളച്ചു.ഇതിനു ശേഷം അപകടങ്ങൾ കുറഞ്ഞുപിന്നെ ആ മരം വളരുന്നതിനോടൊപ്പം ആ ചങ്ങലയും വളരുന്നു എന്നാണ് വിശ്വാസം.ചങ്ങല മരത്തിന്റെ അടുത്ത് ഒരു കോവിലുംപണി കഴിപ്പിച്ചിട്ടുണ്ട്.ചുരം കയറുന്ന ഡ്രൈവർമാർ ഇപ്പോഴുംആ കോവിലിന്റെ ഭണ്ഡാരത്തിൽ പണമിട്ടുപോരുന്നു.ആ ചങ്ങല മരത്തിന്റെ മേൽനോട്ടംഹിക്കുന്നത് ആദിവാസി സമുദായക്കാരാണ്.



ജീവചരിത്രക്കുറിപ്പ്

# ക്യാപ്റ്റൻ ലക്ഷ്മീസൈഗാൾ

## (1914-2012 )




പ്രാർത്ഥന ഗൗരി പ്രിയ

8 സി

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതാൻ സ്ത്രീകളിൽ പ്രചോദനമുണ്ടാക്കിയ ക്യാപ്റ്റൻ ലക്ഷ്മി സൈഗാളിന്സ്വാതന്ത്ര്യ സമര ചരിത്രത്തിൽ വ്യക്തമായ സ്ഥാനമാണുള്ളത്.1914 നവംബർ 14 ന് കേരളത്തിലെ പാലക്കാട്ജില്ലയിൽ അണക്കര എന്ന സ്ഥലത്ത്ജനിച്ചു.മദിരാശി മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ്. ബിരുദമെടുത്ത് രണ്ടാം ലോകമഹായുദ്ധാക്കാലത്ത്ഐ.എൻ.എ.യിൽ ഡോക്ടറായും കേണലായും സേവനമനുഷ്ഠിച്ചു.1946 ൽ ബ്രിട്ടീഷുകാർ ലക്ഷ്മിയെ ബർമ്മയിൽ നിന്ന്അറസ്റ്റു ചെയ്ത് ഇന്ത്യയിലേക്ക്കൊണ്ടുവന്നു.

ഇന്ത്യയിൽ ഒരു വീരനായികയുടെസ്വീകരണമാണ്ഇവർക്ക് ലഭിച്ചത്.പിന്നീട് കാൺപൂരിൽ താമസമാക്കി ധൈര്യസമേതം ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചു. ഡെമോക്രാറ്റിക് വിമൻസ്അസോസിയേഷന്റെ ഉപാധ്യക്ഷയായി.1998 ൽ പത്മഭൂഷൺ ലഭിച്ചു. 2012 ജൂലൈ 23 ന് അവർഅന്തരിച്ചു



ജീവചരിത്രക്കുറിപ്പ്

# വൈക്കംമുഹമ്മദ്ബഷീർ (1908-1994)



അഗിഷ ത്രേസ്യ .വി .എസ്
( 8 J )

1908 ജനുവരി 19 വൈക്കംതാലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ചു.സ്വാതന്ത്ര്യ സമര സേനാനി എന്ന നിലയിൽ മദിരാശി, കോഴിക്കോട്, കോട്ടയം, കൊല്ലം, തിരുവനന്തപുരം ജയിലുകളിൽ കിടന്നിട്ടുണ്ട്. ഭഗത് സിംഗ,രാജഗുരു,സുഖ്ദേവ്മോഡൽ തീവ്രവാദസംഘടനകളുണ്ടാക്കി പ്രവർത്തിക്കുകയും സംഘടനയുടെ മുഖപത്രമായി'ഉജ്ജീവനം ' എന്നൊരുവാരിക നടത്തുകയും ചെയ്തു.പത്തു വർഷത്തോളം ഇന്ത്യയൊട്ടാകെ അലഞ്ഞു. ആഫ്രിക്ക, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും ഊരുചുറ്റി ബേപ്പൂർ സുൽത്താൻ എന്നറിയപ്പെട്ടു.

ബാല്യകാല സഖി, പാത്തുമ്മായുടെ ആട്,ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു എന്നീ കൃതികൾ ഭാരതത്തിലെ പ്രധാന ഭാഷകളിലെല്ലാംപരിഭാഷ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഈ കൃതികൾ ഡോ.ആഷിർ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്ത്സ്കോട്ട്ലൻഡിലെ എഡിൻബറോയൂണിവേഴ്സിറ്റി പാഠപുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്

കേരള സാഹിത്യ അക്കാദമി, കേന്ദ്ര സാഹിത്യ അക്കാദമിഎന്നിവയുടെ ഫെല്ലോഷിപ്പും ഇന്ത്യാ ഗവൺമെന്റിന്റെ പത്മശ്രീ പട്ടവുംലഭിച്ചു.(1982) കാലിക്കറ്റ് യൂണിവേഴ്സിറ്റി'ഡോക്ടർ ഓഫ് ലെറ്റേഴ്സ്' ബിരുദം നൽകി ബഹുമാനിച്ചു(1987) ലളിതാംബിക അന്തർജനം സാഹിത്യഅവാർഡ് (1992) പാത്തുമ്മായുടെആടിന് മുട്ടത്ത് വർക്കിഅവാർഡ് (1993)വള്ളത്തോൾ അവാർഡ്എന്നിവ ലഭിച്ചു.1994 ജൂലൈ 5 ന് നിര്യാതനായി'


## പ്രധാന കൃതികൾ

ബാല്യകാല സഖി, പാത്തുമ്മായുടെ ആട്,ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു, മതിലുകൾ, മുച്ചീട്ടുകളിക്കാരന്റെ മകൾ, ഭൂമിയുടെ അവകാശികൾ etc.

അഗിഷ ത്രേസ്യ .വി .എസ്:8 J

# QUOTES

## *QUOTES BY MAHATMA GANDHI*



LOVE IS THE STRONGEST FORCE THE WORLD

POSSESSES AND YET IT IS THE HUMBLEST IMAGINABLE

SILENCE IS THE STRONGEST SPEECH SLOWLY

AND GRADUALLY WORLD WILL LISTEN TO YOU.

THERE IS MORE TO LIFE THAN SIMPLY INCREASING IT'S SPEED.

YOU DON'T KNOW WHO IS IMPORTANT TO YOU

UNTIL YOU ACTUALLY LOSE THEM.

AN EYE FOR AN EYE WILL ONLY MAKE THE WHOLE WORLD BLIND.

THE BEST WAY TO FIND YOURSELF IS TO LOSE YOURSELF IN THE SERVICE OF OTHERS.

WHERE THERE IS LOVE THERE IS LIFE.



## *APJ ABDUL KALAM*

IF YOU WANT TO SHINE LIKE SUN FIRST BURN LIKE A SUN

COLLECTED BY ATHIRA RAJAN

8G

## മഴയെ പ്രണയിച്ചവൾ

മഴ എന്നത് എൻറെ പ്രിയ സുഹൃത്താണ്അതിലുപരി എൻറെ കാമുകനാണ് ഞാൻ മഴയെസ്നേഹിക്കാൻ കാരണംഎൻറെ ജീവിതസാഹചര്യങ്ങളാണ്.ജീവിതത്തിലെ ഒറ്റപ്പെടലുകളെഞാൻ വെറുത്തു കഴിഞ്ഞിരുന്നു .അപ്പോഴാണ് മഴയുടെ സ്നേഹത്തിന്റെവിരലുകൾ എനിക്കായി നീട്ടിയത്.

ഞാൻ ആ കൈ പിടിച്ചു.ജീവിതം എന്താണ് അത് എങ്ങനെ ജീവിക്കണംഎന്ന് എനിക്ക് മനസ്സിലായി.

ജനാലക്കപ്പുറം ചാറ്റൽ മഴയായിരുന്നു.ആ മഴ എന്നോട് മന്ത്രിക്കുന്നതായിഎനിക്ക് തോന്നി.ഞാൻ ലൈബ്രറിയിലേക്ക് പോകുകയായിരുന്നു.മഴ ശക്തിയായി പെയ്തു.അതിനിടെ ഞാനൊന്നു മഴ നനയാനാഗ്രഹിച്ചു.മഴ എന്നത് എന്റെ കാമുകനാണ് '.ഞാൻ അവനെ ഒരു പാട് സ്നേഹിച്ചു.

പേമാരി പെയ്തു പ്രളയം വന്നു.എന്നെ സ്നേഹിച്ച എന്റെ കാമുകൻകൈവിട്ടു പോയി .എനിക്കവനെ ഇനിയൊരിക്കലും സ്നേഹിക്കാനാവില്ല.

കാരണം അവനെ കൊല്ലാൻ ശ്രമിച്ചമനുഷ്യരുടെ മനസ്സ് അതിക്രൂരമാണ്.ഞാൻ സ്നേഹിച്ച മഴയായിരുന്നില്ല അത്. ഞാൻ വെറുത്തു പോയിഅവനെന്നെ അടുത്തറിഞ്ഞ് സ്നേഹിക്കുകയായിരുന്നുപ്രളയത്തിനു ശേഷം നല്ല ഒരു മഴപെയ്തു.അത് എന്നോട് സംസാരിച്ചു.

എന്നെ പ്രണയിച്ചവളെ ഞാൻ നിന്നെ മറക്കില്ല മരിക്കുന്ന നാൾ വരെമറന്നെന്നു തോന്നിയാൽ മരിച്ചെന്നു കരുതുക,.

അനുപ്രിയ വിനോദ് 9 B

# കണ്ണീർത്തുള്ളി

സങ്കടങ്ങളെയും ചിലപ്പോഴൊക്കെസന്തോഷത്തേയും പുറത്ത് പ്രതിഫലിപ്പിക്കുന്ന ഒന്നാണ് "കണ്ണുനീർ ".ആ കണ്ണുനീർത്തുള്ളിഇറ്റുവീഴാൻ തുടങ്ങിയിട്ട് കുറെ നേരമായി. അത് സന്തോഷം കൊണ്ടുള്ളകണ്ണുനീരല്ല..... മറിച്ച് മനസ്സിലേറ്റമുറിവിന്റെ സ്മാരകമാണ്. എന്റെ മനസ്സിലെ മുറി വിന്റെ കാരണം അവനായിരുന്നു.



വൈഷ്ണവി ബാബു
( 9B )

അക്ക എന്ന് എല്ലാവരും സ്നേഹത്തോടെവിളിക്കുന്ന അവനെ ഞാൻ ആദ്യമായി കാണുന്നത് ക്യാമ്പസ് വരാന്തയിൽ വെച്ചാണ്. മറ്റുള്ളവരിൽനിന്ന് വളരെ വ്യത്യസ്തനായിരുന്നു അവൻഅതുകൊണ്ടുതന്നെഅവനു മായൊരു സൗഹൃദംഞാൻ ആഗ്രഹിച്ചു.ഞാൻ പതിയെ അവനിലേക്ക് അടുത്തുഞാൻ അവനെ അക്ക എന്ന് തന്നെ വിളിച്ചു.യഥാർത്ഥ പേര് ഞാൻ ചോദിക്കുകയോഅവൻ. പറയുകയോ ചെയ്തില്ല.

സങ്കടങ്ങളും സന്തോഷങ്ങളും ഞങ്ങൾപരസ്പരം പങ്കുവെച്ചു. അങ്ങനെ പിരിയാനാവാത്തഒരു സൗഹൃദം ഞങ്ങൾ അറിയാതെവളരുകയായിരുന്നു.ആ അദ്ധ്യയന വർഷം ഞങ്ങളുടെ സൗഹൃദങ്ങൾക്ക് സാക്ഷിയായി അവസാനിച്ചു.അടുത്ത വർഷംഞാൻ ക്യാമ്പസിലെത്തുമ്പോൾ നിറഞ്ഞ പുഞ്ചിരിയോടെ എന്നെഎന്നെ എതിരേൽക്കാൻ അക്ക ഉണ്ടാവുകയില്ലല്ലോ എന്ന സങ്കടം എന്റെ ഹൃദയത്തിൽ ഏൽപ്പിച്ച മുറിവ് കണ്ണു നീർ തുള്ളിയായി ഇറ്റിറ്റു വീഴുകയാണ്.

വൈഷ്ണവി ബാബു **9 B**

കവിത

# മരണമില്ലാത്ത മനസ്സുകൾ



ആരതി രാജ്
( 9B )

മഴയായ് പെയ്തു.......

പുഴയായ് ഒഴുകി.......

കൊടും ക്രൂരമായി മഴയായി പെയ്തു നീ....

കണ്ണീർ തളങ്ങൾ വീഴ്ത്തീ മണ്ണിൽ

വിത്തുപോൽ പൊട്ടിടും മനുഷ്യരെ,

നിങ്ങളുടെ ജീവനെടുക്കാൻ

മരണമായ് വന്നു മഴയെ നീ.

മരിക്കില്ലൊരിക്കലും

മരിക്കാതിരിക്കുമില്ലൊരിക്കലും

മരണത്തിൻവാതിൽ തുറക്കും വരെ ', (2)

മിന്നാമിന്നി കൂട്ടമാം നമ്മെ

നോവിക്കാൻ എത്തും കഴുകനായ് വന്നു നീ,

തളരില്ല നമ്മൾ

ഉയരുന്നു വീണ്ടും ദുഃഖമില്ലാതെ നാം ...(2)

മരിക്കാത്ത മനസ്സുമായ് ഉയരുന്നു വീണ്ടും.....

ആരതി രാജ് 9 B

കവിത

# അമ്മ മനസ്സ്



സ്നേഹ മരിയ
( 9H )

അരുമക്കിടാവേ, എൻ കിളിമകളെ

ഒരു മുത്തം താ പൊൻ മകളെ

എന്ന് വിളിച്ച് ഓടിയെത്തും

എന്നെ അമ്മ തന്നെ സർവ്വം

അടുക്കളയിൽ അമ്മ പുക കൊണ്ടു

നീറുമ്പോൾ ചുട്ടുപഴുത്ത കനലുകൾ

കോരുമ്പോൾ,

നീറുന്നെൻ മനം ,നിറയുന്നെൻ നയനം

തേനിറ്റു വീഴുന്ന അമ്മ തൻ സ്നേ ഹം

മറക്കാനാവാത്ത അമ്മയുടെ സ്നേഹം

എൻ മനസ്സിൽ കുളിർതഴുകി നിൽക്കുന്നു.

പിഞ്ച് മനസ്സ് നൊന്താൽ കരയുന്ന

അമ്മതൻ മനസ് അത് തന്നെ സർവ്വം

അമ്മയുടെ സ്നേഹം അത് തന്നെ വലുത്

സ്നേഹ മരിയ **9 H**

കവിത

# മഴയാകുന്ന പ്രണയം



അതുല്യ സന്തോഷ്
( 9B )

മഴ എന്ന നിൻ മുഖം

കണ്ടു ഞാനെപ്പോഴോഅറിയാതെ ഹൃദയത്തിൻ

കോണിലെത്തി

പ്രണയത്തിൻ വിരലുകൾ ഒരു തൂവൽ -

പ്രണയത്തിൻ വിരലുകൾ ഒരു തൂവൽ -

പോലെ അറിയാതെ എന്റെ അരികിലെത്തി....

അഴകിന്റെ വർണ്ണങ്ങൾ നൂറ് നൂറായി

അറിയാതെ എന്റെ മാറിലെത്തി....

മഴയെന്ന അവളെ ഞാൻ ഹൃദയത്തിലേറ്റി

സ്നേഹത്തിൻ മുത്തുകൾ വാരി വിതറി

അറിയാതെ അവളെ ഞാൻ സ്നേഹിച്ചു പോയി

അവളെന്റെ ഹൃദയത്തെ ചുംബിച്ചു പോയി...

മഴയെന്ന നിൻ മുഖം

കണ്ടു ഞാനെപ്പോഴോ

അറിയാതെ ഹൃദയത്തിൻ കോണിലെത്തി

ഹൃദയത്തിൻ കോണിലെത്തി.'.....

അതുല്യ സന്തോഷ് 9 B




## ONAM CELEBRATIONS



## മഴയുടെസൗഹൃദം



അതുല്യ സന്തോഷ്
( 9B )

ക്ലാസ്സ് മുറിയുടെ ജനാലക്കപ്പുറംകോരിച്ചൊരിയുന്ന മഴയായിരുന്നു . മഴ എന്നത് എന്റെ ജീവിതത്തിലെ മായാത്ത പാട്ടുകളാണ്. സ്നേഹ ബന്ധത്തിന്റെയും സൗഹൃദത്തിന്റെയും പ്രണയത്തിന്റെയും കഥയാണ് എന്റെ ജീവിതം. ആ ജീവിതത്തിലേക്ക് ഞാൻ കൈ പിടിച്ചുകൂട്ടിയഎന്റെ സുഹൃത്തുക്കൾ ' .അവരാണ് എനിക്കെന്നും.

സൗഹൃദത്തിന്റെ നനഞ്ഞകൈപ്പടം എന്നുംചങ്കിൽ കൊണ്ടു നടക്കുന്നവരാണ് യഥാർത്ഥസുഹൃത്തുക്കൾ.

. ഞാൻ 5-ാം ക്ലാസ്സിൽ വിജയാ സ്കൂളിൽചേരാൻ വന്നപ്പോൾ എനിക്കാരുംസുഹൃത്തുക്കളായിട്ടുണ്ടായിരുന്നില്ല.പിന്നീടെപ്പോഴോ ഞങ്ങൾ അഞ്ചു പേർക്കൂട്ടുകാരായി. സൗഹൃദ സംഭാഷണങ്ങളുംകളിയും ചിരിയുമായിഞങ്ങൾ ഉല്ലസിച്ചു നടന്നു. ഒരു റക്കത്തിൽ നിന്ന് ഉണർന്ന പോലെവാർഷിക പരീക്ഷ എത്തി.അന്ന് വലുതായി പഠിക്കുകയൊന്നുംചെയ്തില്ല.എന്നാലും പരീക്ഷ എഴുതി പുറത്തിറങ്ങി.

കാർ മേഘങ്ങൾ ഇരുണ്ടു കൂടി. ഞങ്ങൾ പതിയെ പടികൾ അടിവെച്ചുനീങ്ങി സ്ക്കൂൾ മുറ്റത്തെത്തി.അപ്പോഴാണ് മനസ്സിനെ കുളിരണിയിപ്പിക്കുന്നമഴ എത്തിയത്.ഞങ്ങൾ അഞ്ചു പേരും ഒരു കുടയിൽ കെട്ടിപ്പിടിച്ച്നടന്നു.അന്നാണ് ഞങ്ങൾ ഞങ്ങളുടെസൗഹൃദ സ്നേഹം മനസ്സിലാക്കിയത്.

ക്ലാസ്സുകളും അവധികളും കഴിഞ്ഞ്ഞങ്ങൾ 9-ാം ക്ലാസ്സിൽ കയറി..അന്നാണ് ഞങ്ങൾആദ്യമായി വഴക്ക് കൂടിയത് .ആ വഴക്ക് ജീവിതത്തിലുടനീളം കൂടെയുണ്ടാകുമെന്നാണ്. അവൾ അല്ല ഞങ്ങൾ ആദ്യമായി കരഞ്ഞ ദിവസം . എനിക്ക് മറക്കാനാവില്ല.

എന്തിന് വേണ്ടിയാണ് ഞങ്ങൾവഴക്കുണ്ടാക്കിയതെന്നും എന്തിനാണ് കരഞ്ഞതെന്നുംഅറിയില്ല .ഞങ്ങളിലെ സ്നേഹം നില ച്ചു പോയി

രണ്ടു മാസങ്ങൾക്കു ശേഷം ഞങ്ങൾ ഒരുമിച്ചു .അത് ഒരു പിരിയാത്ത കൂട്ടുകെട്ടായിരുന്നു.അന്നും പുറത്ത് നല്ല മഴ ഉണ്ടായിരുന്നു.മനസ്സിനെ കുളിരണിയിപ്പിക്കുന്ന ആ സൗഹൃദ മഴ.

അതുല്യ സന്തോഷ് 9 B

# കീറിപ്പൊളിക്കുന്ന ബന്ധങ്ങൾ

ഞാൻ ഒരു ചാരുകസേരയിൽ ഇരുന്ന് മഴയുടെ പെയ്ത്ത് കാണുകയായിരുന്നു.അപ്പോഴാണ് സ്റ്റെപ്പിൽ നിന്ന്പട പട എന്നുള്ള ഒരു ശബ്ദം അത് എന്റെ അമ്മ യാ യി രു ന്നു.അമ്മ വെപ്രാളത്തോടെ വന്ന് പറയുന്നു "മോനേ ചേട്ടൻ വരുന്നുണ്ട് " .അപ്പോഴാണ് എനിക്ക് മനസ്സിലായത് മഴയുടെ ഇടയ്ക്ക് കാറിന്റെ ബ്രെയ്ക്ക് വലിച്ചു നിർത്തിയ ശബ്ദം ചേട്ടന്റെ വണ്ടിയുടേതായിരുന്നു.



അജയ് കൃഷ്ണ
( 9B )

ഇപ്പോൾ ഊർന്ന് പോകുമെന്ന രീതിയിൽകൈയിൽ എന്റെ പാന്റ് കയറ്റിപ്പിടിച്ച് ഞാനുംഅമ്മയും താഴേക്ക് നടന്നു.അപ്പോഴും എന്റെ കണ്ണുകൾ അടയുന്നുണ്ടായിരുന്നു.

"അമ്മേ എനിക്ക് ഇപ്പോഴെങ്കിലും എന്റെ ഓഹരി വേണം" ചേട്ടൻ പറഞ്ഞു"മോനെ നിനക്ക് ഞാൻ എന്റെ പകുതി സ്വത്ത് എഴുതിത്തന്നില്ലേടാ "അമ്മ പറഞ്ഞു.”ഓ, എനിക്ക് തന്നത് കുറച്ച് നക്കാപ്പിച്ചകൾ".ചേട്ടൻ പറഞ്ഞു.അതിനിടയിൽ ചേട്ടത്തിയമ്മ ചേട്ടന്റെചെവിയിൽ എന്തോ പറയുന്നുണ്ടായിരുന്നു.”എടാ, നിന്റെ അനിയന് കിഡ്നിക്കു പ്രശ്നമുള്ള കാര്യം നിനക്കറിയാവുന്നതല്ലേഅതിന് ചികിത്സക്കു വേണ്ടി നല്ലകാശ് വേണം.” അമ്മപറഞ്ഞു. “അതൊന്നും എനിക്ക് കേൾക്കണ്ട "ചേട്ടൻ പറഞ്ഞു.അപ്പോഴും മഴ നല്ല ശക്തിയിൽ പെയ്യുകയായിരുന്നു.

ആ സമയത്ത് ഞാൻ അച്ഛനെക്കുറിച്ചോർക്കുക യാ യി രു ന്നു,അച്ഛനുണ്ടായിരുന്നെങ്കിൽഇങ്ങിനെയൊന്നും സം ഭവിക്കുകയില്ലായിരുന്നു.ഞാൻ ഉറക്കത്തിൽ നിന്ന് ആരോ വിളിച്ചതു പോലെ ഉണർന്നു.അപ്പോൾ ഞാൻ കാണുന്നത് അമ്മയെചേട്ടൻ തല്ലാൻ ഓങ്ങുന്നതാണ്.അമ്മേ നെ എന്തെങ്കിലും ചെയ്യുമെന്ന പേടിയിൽഞാൻ ചേട്ടന്റെ കൈയിൽ പിടിച്ച് ചെവിയിൽ ഒരു കാര്യം പറഞ്ഞു.അപ്പോൾ മഴക്ക് ശമനം ഉണ്ടായിരുന്നില്ല.

പിറ്റേ ദിവസം രാവിലെചേട്ടൻ എന്നെയും അമ്മയെയും ഓടി വന്ന് വിളിച്ച് കാറിൽ കയറ്റി കൊണ്ടുപോയി.എങ്ങോട്ടാണെന്ന് അമ്മക്ക് ഒന്നും മനസ്സിലായില്ല.ഒരു സ്ഥാപനത്തിന്റെ മുമ്പിൽനിർത്തി.അതിനകത്ത് കയറി. കുറച്ച് പേപ്പറുകൾ എടുത്ത് അതിൽഒപ്പ്

ഇടാൻ അമ്മയുടെ അടുത്ത് പറഞ്ഞു.പെട്ടെന്ന് അമ്മ എന്നെ ഒരു നോട്ടംഞാൻ ചെറുതായി തല കുലുക്കി.അമ്മ ഒപ്പിട്ടു. അപ്പോൾ മഴക്ക് ശമനം വന്നു.

ഞാൻവീട്ടിൽഎത്തിയപ്പോൾപഴയതുപോലെമുകളിലത്തെചാരുകസേരയിൽകയറിഇരുന്നു. അപ്പോൾ എന്റെ കൂടെഅമ്മയുമുണ്ടായിരുന്നു.''അമ്മ'' ഞാൻ പറഞ്ഞു.എന്തോ തട്ടിത്തെറിപ്പിക്കാൻ എന്ന പോലെഅമ്മ ഇടക്ക് കയറിപ്പറഞ്ഞു.''വേണ്ട മോനേ നീ എന്താ ചേട്ടന്റെഅടുത്ത് പറഞ്ഞത് എന്ന് എനിക്ക് മനസ്സിലായി. ''അമ്മ പറഞ്ഞു. ''നമുക്ക് എല്ലാം തിരിച്ച് പിടിക്കാംഅമ്മേ പിന്നെയും പൂക്കുമീ ചില്ലകൾ ''.ഞാൻ മഴയെ നോക്കിപ്പറഞ്ഞു.

ഞാനും അമ്മയും അപ്പോൾമഴയുടെ പെയ്ത്ത് കണ്ടു കൊണ്ടേയിരുന്നു.എന്തോ തകർക്കാൻ എന്ന പോലെമഴ ശക്തിയായി പെയ്തു

അജയ് കൃഷ്ണ 9 B

## പ്രതീക്ഷയുടെ പുൽനാമ്പ്

നാടിതു വരെ കാണാത്ത പ്രളയമാണ് കേറിയിറങ്ങിപ്പോയത്. അതിൽ നിന്ന് കരകയറാൻഗോപുവിനുംകുടുംബത്തിനുംഇനിയുംകഴിഞ്ഞിട്ടില്ല.പ്രളയ സമയത്ത് വെള്ളത്തിലകപ്പെട്ടഅച്ഛന്റെ നിര്യാണം ഗോപുവിന്റെ അമ്മയെവല്ലാതെ തളർത്തി. വെള്ളം കയറി നശിച്ച വീട് പൊളിച്ച് ആ സ്ഥലത്ത് ഒരു താത്കാലിക ഷെഡ് വെച്ചാണ് ഗോപുവും കുടുംബവും താമസിക്കുന്നത് .



അനുപ്രിയ ഗിരീഷ്
( 9H )

വാർദ്ധാക്യ അസുഖങ്ങളോട്ടുകൂടിയമുത്തശ്ശിയുടെ പെൻഷനാണ് ഗോപുവിന്റെകുടുംബത്തിന്റെ ഏക ആശ്വാസം . രണ്ട് ഏക്കർ പുരയിടത്ത് ധാരാളംകൃഷി ചെയ്തിരുന്ന കർഷകനാണ് ഗോപു വിന്റെ അച്ഛൻപ്രളയം മൂലം കൃഷി നശിച്ച കാരണംഗോപുവിന്റെ കുടുംബം ദരിദ്രമായി.കൃഷിനാശവും പ്രളയവും മൂലം ഉണ്ടായ നാശ ങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഗോപുവിന്റെ അമ്മമേലധികാരികൾക്ക് നിവേദനം നൽകിയെങ്കിലും ഒരുസഹായവും ലഭിച്ചില്ല.വാർദ്ധാക്യ രോഗങ്ങൾ മൂർച്ഛിച്ച മുത്തശ്ശി ഗോപുവിനേയും അമ്മയേയുംതനിച്ചാക്കി എന്നന്നേക്കുമായി യാത്രയായി.അതോടെ ഗോപുവിന്റെ കുടുംബത്തിന്റെ ഏക ആശ്വാസവും നഷ്ടപ്പെട്ടു.

ദാരിദ്ര്യത്തിന്റെ വക്കിലെത്തിയഅമ്മ ഒരു ജോലിക്കായി ശ്രമിച്ചു.പക്ഷേ 10-ാം ക്ലാസ്സ് വിദ്യാഭ്യാസം ഉണ്ടായിരുന്നഅവർക്ക് ഒരു ജോലി കിട്ടാൻ വളരെപ്രയാസമായിരുന്നു .അങ്ങനെ ഒരു സുഹൃത്തിന്റെ നിർദ്ദേശപ്രകാരം ഒരു പ്രൈവറ്റ് കമ്പനിയിൽതൂപ്പുകാരിയായി ജോലി കിട്ടി.മാസ ശമ്പളമായ തുച്ഛമായതുക കൊണ്ട് അവർ ജീവിച്ചുമെല്ലെ മെല്ലെ ഗോപുതന്റെ മുടങ്ങിപ്പോയ 8- ാംക്ലാസ്സ് പഠനം പൂർത്തിയാക്കി. ഇനിഅവർക്ക് ഒരു വീട് വേണമെന്നാണ് ആഗ്രഹം. അതിനായി ഒരു ബാങ്ക് ലോൺ ശരിയാക്കാനുള്ളതിരക്കിലാണ് ഗോപുവിന്റെഅമ്മ.ഇല്ലായ്മയുടെ മടിത്തട്ടിൽ നിന്ന് പതുക്കെ അവർ കരകയറുകയാണ്.പ്രതീക്ഷകളുടെ പുൽനാമ്പുകളുമായിഗോപുവും അമ്മയും ജീവിതംമുന്നോട്ട് നയിക്കുകയാണ്.ഇനിയൊരുപ്രളയത്തിനുംഅവരെതകർക്കാൻ ആവില്ല.

അനുപ്രിയ ഗിരീഷ് 9 H

കവിത

# നൊസ്റ്റാൾജിയ

എന്റെ നാട്ടിലുമുണ്ട് കഥപറയുന്ന
പേരമ്മയും പേരപ്പനും

എന്റെ നാട്ടിലുമുണ്ട് സർപ്പത്തിനു
തുടികൊട്ടുന്ന പഴമക്കൂട്ടം
എന്റെ നാട്ടിലുമുണ്ട് സർപ്പക്കാവിൽ
പാണം കൊട്ടുന്ന പാണനും മകളും

എന്റെ നാട്ടിലുമുണ്ട് നിറം മങ്ങാത്ത
നിറ സ്വപ്നങ്ങളുമായ് ജീവിക്കുന്ന
ഒരു കൂട്ടം മനുഷ്യർ

പക്ഷേ.........
എന്റെ നാട്ടിൽ ഒന്നില്ല
പുതു തലമുറയെ കാർന്നുതിന്നുന്ന
3 G യും 4 G യും
ഇന്നത്തെ തലമുറയോടിത് പറയരുത്
അവർ പറയും അതെല്ലാം
നൊസ്റ്റാൾജിയ ആണെന്ന്.......

വൈഖ സുബീഷ് 8 D

കവിത

# കാത്തിരിപ്പ്



അദ്വത സുരേന്ദ്രൻ
( 9B )

അറിയാതെ മായുകയാണ് നീ

എൻ അരികിൽ നിന്നും

കത്തും ചിന്തയിൽ പൊള്ളു മനസ്സിൽ

എരിയും ഓർമ്മ തൻ തീജ്വാലയാണ് നീ

മഴ കാത്തു കഴിയുന്ന വേഴാമ്പൽ പോൽ

നിൻ വരവിനായി കാത്തിരുന്നു ഞാൻ

പക്ഷേ അകലുകയാണു നീ എന്നിൽ നിന്നും

എൻ സ്നേഹത്തിൻ വിലയറിയാതെ

കാണാനായി കാത്തിരിക്കുന്ന കണ്ണു പോൽ

എൻ ഹൃദയവും തുടിച്ചിരുന്നു നിനക്കു വേണ്ടി

പക്ഷേമനസ്സിലാക്കിയില്ല നീ എന്നെ

എന്റെ ഹൃദയത്തെ

സൂര്യനായി കാത്തിരിക്കുന്ന താമര പോൽ

ചന്ദ്രനായി കാത്തിരിക്കുന്ന ആമ്പൽ പോൽ

പൂമ്പാറ്റക്കായി കാത്തിരിക്കുന്ന പൂവ് പോൽ

നിൻ വരവിനായി കാത്തിരിക്കുന്നു ഞാനും

നിന്നോടുള്ള സ്നേഹം അംശം പോൽ അണയാതെ

നിന്റെ വിരഹത്താൽ ഒരു മെഴുകുതിരി പോൽ എരിയുകയാണിവിടെ

പേമാരി പോൽ കണ്ണീർ മഴയത്ത് നനയുകയാണിവിടെ

നിന്നെയും ഓർത്തുകൊണ്ട് ഞാൻ നിൻ കൂട്ടുകാരി

അദ്വത സുരേന്ദ്രൻ 9 B



JISHNU (8 I)



DEVANANDHU

# നറുങ്ങുകൾ

## വേണമെങ്കിൽ ചക്ക വേരിലും.......

ചക്കയെ നമ്മുടെ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചത് അറിഞ്ഞില്ലേ! നമുക്കു ചുറ്റും എത്ര തരം പ്ലാവുണ്ട്? കൂട്ടുകാരുമായി ചേർന്ന് അന്വേഷിച്ച് കണ്ടെത്തൂ. കഴിയുമെങ്കിൽ വീട്ടുമുറ്റത്ത് ഒരുപ്ലാവ് നട്ടുപിടിപ്പിക്കൂ. ചക്ക കൊണ്ട് അനേകം വിഭവങ്ങൾ ഉണ്ടാക്കാം.നമ്മുടെ തീൻമേശ അവയാൽ നിറയട്ടെ .എത്ര രുചികരവും ഗുണപ്രദവുമാണ് ഈ ഫലം .അടുത്തപിറന്നാളിന് വീട്ടിലൊരു പ്ലാവ് നടാൻ തീരുമാനിച്ചാലോ ,നമുക്ക് ഉത്പാദിപ്പിക്കാം നമ്മുടെ ഭക്ഷണം.



ആശ ബെന്നി
( 9H )

## ലഹരിയെന്ന ആപത്ത്

മദ്യത്തിന്റെയും മയക്കമരുന്നിന്റെയും വിപത്തുകളെപ്പറ്റി എല്ലാർക്കുമറിയാമല്ലോ. ഒരിക്കലും ഈ ആപത്തിൽ പെട്ടു പോകരുതേ ശരിയല്ലാത്ത കൂട്ടുകെട്ടും ദുശ്ശീലങ്ങൾ വളർത്തുന്ന സാഹചര്യവും ഒഴിവാക്കണം.മദ്യവും മയക്കമരുന്നും നിങ്ങളിലെ യഥാർത്ഥ വ്യക്തിത്വത്തെ ഇല്ലാതാക്കും കഴിവുകളെ നശിപ്പിക്കും സ്നേഹ ബന്ധങ്ങളും സാമൂഹിക ബന്ധങ്ങളും ഇല്ലാതാക്കും മാതാപിതാക്കളെയും ഉറ്റമിത്രങ്ങളെയും വെറുപ്പിക്കും സമൂഹം അകറ്റി നിർത്തുന്ന ഒരാൾക്ക് നാടിനു വേണ്ടി ഒന്നും ചെയ്യാനാവുകയില്ല.മയക്കമരുന്നിനെതിരെയുള്ള പ്രവർത്തനത്തിന് നാം മുന്നിട്ടിറങ്ങണം ചുറ്റുമുള്ള ആരെങ്കിലും തെറ്റായ വഴിയിൽ സഞ്ചരിക്കുന്നുവെന്ന് അറിഞ്ഞാൽ ആ വിവരം അദ്ധ്യാപകരോട് പറയാൻ മടിക്കരുത് .കാലിടറാതെ മുന്നോട്ട്.....

ആശാ ബെന്നി 9 H

# നെറ്റിൽ കണ്ടതെല്ലാം പൊന്നല്ല

ഇപ്പോഴെല്ലാവരും മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ടല്ലോ കൂടുതലുംസ്മാർട്ട് ഫോണാണ്. സ്മാർട്ട് ഫോൺ ചെറിയൊരു കമ്പ്യൂട്ടറാണ്.അതിൽ ഇന്റർനെറ്റ് കിട്ടും.അതുപയോഗിച്ച് സിനിമ കാണാം ,പാട്ട് കേൾക്കാം, ദൂരെയുള്ളവരെപ്പോലും കണ്ടു കൊണ്ട് സംസാരിക്കാം ,വാർത്തകൾ അറിയാം,സന്ദേശങ്ങളും ചിത്രങ്ങളും കൈമാറാം, ബസിന്റെയും തീവണ്ടിയുടെയും ടിക്കറ്റുകൾ എടുക്കാം, സൗഹൃദ സംഘങ്ങളിൽ അംഗമാകാം, വസ്തുക്കൾ വാങ്ങാം വിൽക്കാം,ബാങ്കിടപാടുകൾ നടത്താം.ഇന്റർനെറ്റ് എത്രയോ ഉപകാരപ്രദമായ സംവിധാനമാണ് , വിവരങ്ങളുടെ കലവറയാണ് ഇന്റർനെറ്റ് . പഠിക്കാനും ഗവേഷണം നടത്താനും എല്ലാം ഇൻറർനെറ്റ് സഹായിക്കും .എന്നാൽ അതിൽ നിന്നു ലഭിക്കുന്ന വിവരങ്ങളെല്ലാം ശരിയാവണമെന്നില്ല.വാട്സ്ആപ്പിലോ ഇൻസ്റ്റഗ്രാമിലോ ഫെയ്സ് ബുക്കിലോ കൈമാറി കിട്ടുന്ന വിവരങ്ങൾ പരിശോധിച്ച് ശരിയെന്ന് ഉറപ്പാക്കാതെ സ്വീകരിക്കരുത്. അത്തരം വിവരങ്ങൾ കൈമാറുമ്പോഴും നല്ല ശ്രദ്ധ വേണം. മനപൂർവ്വം വ്യാജവിവരങ്ങൾ പ്രചരിപ്പിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ് .തട്ടിപ്പിന് ഇൻറർനെറ്റ് ഉപയോഗിക്കുന്നവരുമുണ്ട്. അവർ നിങ്ങളെ പ്രലോഭിപ്പിച്ച് കെണിയിൽ വീഴ്ത്തും.ഗെയിമുകളുടെ ചതിക്കുഴിയിൽ പെട്ടു പോകാതെ നോക്കണം.എപ്പോഴും ഇൻറർനെറ്റിൽ മുഴുകുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. വിവേകപൂർവ്വം ഉപയോഗിച്ചാൽ ഇതിനോളം നല്ല ചങ്ങാതിയില്ല. നെറ്റിൽ പോകാം തെറ്റിൽ വീഴരുത്.

ആശാ ബെന്നി 9 H

കവിത

# ഓർമ്മയിലെ ഓണം



ശ്യാമള .വി
( HSA MAL )

ഓണക്കുളിരണിഞ്ഞോണനിലാവത്ത്
ഓടിക്കളിക്കുന്ന ബാല്യകാലം
ഒക്കത്ത് പാട്ടായി ഓർമ്മയിൽ തങ്ങുന്ന
ഓണപ്പുലരിതൻ ബാല്യകാലം

ഇപ്പോഴി നാടിന്റെ മാറ്റത്തെ ഓർത്തോർത്ത് -
പൊട്ടിക്കരയുന്നു ഭൂമിദേവി
പാടുവാനൊട്ടേ നിക്കണ്ടെന്നറിഞ്ഞിട്ടും
പാടാതിരിക്കുന്ന പക്ഷിക്കൂട്ടം

ശ്രാവണ പുഷ്പങ്ങൾ ഓണനിലാവിന്റെ
കാലൊച്ച കേൾക്കുവാൻ കാത്തു നിന്നു
നാവേറുപാടുന്ന പുള്ളുവ വീണയും
പാട്ടറിയാതെ മയങ്ങി നിൽപ്പൂ

വീണ്ടുമെൻ ഓർമ്മയെ പുൽകി യുണർത്തുന്നു
ഓർമ്മ തുളുമ്പുന്ന ബാല്യകാലം
കാലത്തെഴുന്നേറ്റുണർന്നാലുടൻ തന്നെ
മാവേലി മന്നനെ പൂജിക്കുന്നു
കല്ലിലും മുള്ളിലും കാലിടറാതങ്ങു
പൂക്കളെ തേടി നടന്നീടുന്നു

മുക്കുറ്റി തുമ്പയും ഓണപ്പൂവൊക്കയും
മഞ്ഞണിഞ്ഞാ പുലർവേളകളിൽ
മന്നനെ വരവേൽക്കാൻ മന്ദസ്മിതം പൂണ്ടു
മന്നിതിൻ മീതെ നിരന്നു നിന്നു,

ഓണപ്പുടവ ഞൊറിഞ്ഞ ടുത്തെത്തുന്നു

ഓണപ്പുലരിയിൽ മാരുതനും
പച്ചടി കിച്ചടി സാമ്പാറുമറ്റു മ-
ങ്ങൊപ്പത്തിനൊപ്പം മികച്ചതായി
ഉപ്പേരി പപ്പടം പായസമെന്നിവ
ഓണത്തിൻ ഓർമ്മയായ് നാവിതിപ്പോൾ

ഓണക്കുളിരണിഞ്ഞോണനിലാവത്ത്
ഓടിക്കളിക്കുന്ന ബാല്യകാലം
എന്തു മധുരമീ ഓർമകളൊക്കെയും
ചിന്തിക്കുന്തോറുമെൻ മാനസത്തിൽ
പുതുമ ക്കാർ തന്നുടെ കൺകളിലൊക്കെയും
ചേതനയറ്റ വികാരം മാത്രം

ഓണവും ഓണത്തിൻ സദ്യകളൊക്കെയും
വിപണിയിൽ ലഭ്യമീ ഓണക്കാലം
ഈറനണിയുന്നു കണ്ണുകളൊക്കെയും
ഓണത്തെയോർക്കുമ്പോൾ അന്നുമിന്നും .

ശ്യാമള .വി

കവിത

# പ്രളയാനന്തരംപുഴപറയുന്നത്



വി.കെ.സന്തോഷ് കുമാർ
( HSA SKT )

ശാന്തമായി ഒഴുകുന്നകബനി തൻ തീരത്ത്
ശോ കാർത്തരായികദനങ്ങൾ പങ്കിടുമ്പോൾ
വിയർപ്പിൻ കണങ്ങളാൽ നേടിയതൊക്കെയും
പുഴ കവർന്നിരിക്കുന്നുക്രുദ്ധരായി
ദുഃഖ ഭാരത്തിൻകയത്തിൽ കറങ്ങവേ
പുഴയെ ശപിച്ച് തീ വാക്ക് ചീറ്റവേ
ആരറിയുന്നു മഹാനദീനിൻ വ്യഥ
ക്രൂരമ്പു നെഞ്ചിൽ ത്തറച്ചോരു നിൻ കഥ
ചൂഷണോപാധിയായി പുഴകളെ കണ്ടവർ
പാഷാണ ദ്രവ്യങ്ങൾ നീറ്റിൽ കലക്കി യോർ
തടയണക്കെട്ടിന്റെ ബന്ധനം തീർത്തവർ
വെള്ളം വെളിച്ചമായി നേട്ടങ്ങൾ കൊയ്തവർ
കദന ഭാരം അസഹ്യമായന്നു നീ
കരകേറിയാർത്തലച്ചെത്തിയെന്നോ?
കരുതി വെച്ചെന്നോ നിൻ ഗർഭപാത്രത്തിൽ
കാലനായൊഴുകുമൊരു പ്രളയ ഭ്രൂണം
പ്രകൃതിയ്ക്കുമേലെ നാം നേടിയോ വിജയങ്ങൾ
പ്രതിക്രിയ തീർത്തു വോ പ്രകൃതിയ ശാന്തയായ്
ആർക്കും തടയുവാനാവാതെയീവിധം
ദി ക്കുനാലും പാഞ്ഞുവോ പ്രളയത്തിൻ തീക്ഷ്ണത
മലവെള്ളപ്പാച്ചിലിൽ കേട്ടതാമൊച്ചകൾ
ഹേനദീനിന്റെ രോഷങ്ങളായിരുന്നോ?
ഭൗമ കായത്തിന്റെ നാഡീഞരമ്പുകൾ നദികൾ
എന്ന നേരായ സത്യത്തെ വിസ് മരിക്കാവതോ?
നദി തിന്നസ്വപ്നങ്ങളൊക്കെയുമോർക്കു കിൽ

നദി തന്ന സൗഭാഗ്യം തന്നെയല്ലേ !

നെറികെട്ട കാലത്തിൻ ഭിത്തി പത്രങ്ങളിൽ

നിറയട്ടെ നേരായ നദി പുരാണം

ഒഴുകുക ഹേ നദീ, സ്വച്ഛമാം ശാന്തമാർഗേ

കഴുകുക മനുജന്റെ ദുശ്ശാഠ്യ മനസ്സുകൾ

അറിയട്ടെ മർത്ത്യർ നിൻ കഥകളും വ്യഥകളും

നിറയ്ക്കുക ഞങ്ങളിൽ നദീതട സംസ്കാര ചിന്തകൾ

വി.കെ.സന്തോഷ് കുമാർ .

# തിരിച്ചെടുത്ത പലതും

## കാലത്തെ ജയിച്ച് ........

കൊഴിഞ്ഞു വീണ പൂക്കളെ നോക്കിഅവൻ ഏകനായ് ആ കലാലയ മുറ്റത്ത് നിന്നു.പൂക്കൾ വിരിച്ച പാതയിലൂടെ അവൻഓർമ്മയുടെ കൽപ്പടവുകൾ കയറാൻതുടങ്ങി.നിശബ്ദതയുടെ ഒരു തമസ്സ് അവനെ കൂട്ടിക്കൊണ്ടുപോവാൻഒരുങ്ങി നിൽക്കുകയായിരുന്നു.

അവൻ മനസ്സിലാക്കിയ ഏറ്റവും വലിയതെന്ന്അവൻ ചിന്തിക്കുന്ന ആ സത്യം അവൻറെ ഓർമ്മകളിലേക്ക് എത്തി.അതെ ഒന്നും നമുക്ക് സ്ഥിരമായി കാലംസമ്മാനിക്കില്ല.'കുറച്ച് നിമിഷങ്ങൾക്കായി സമ്മാനിച്ചഅവരത് തിരികെ എടുക്കുംഅവൻ ചിന്തിച്ചു പൂക്കളെയും മഴയെയുംപ്രണയിക്കുകയും നൃത്ത്ച്ചുവടുകളെതന്നിൽ പാതിയായിട്കാണുകയും ചെയ്തതൻറെ കൃഷ്ണയെ.........

അവളുടെ ഓരോ നൃത്തച്ചുവടുകളുംഅവളുടെ ഹൃദയസ്പന്ദനങ്ങൾ ആയിരുന്നു.............അവനോർത്തു..........ആദ്യമായി താൻ അവളെ കാണുന്നത് കലോത്സവത്തിലാണ്നൃത്തത്തി ൻറെ വിശാലമായ ലോകത്തിൽമതിമറന്ന് നൃത്തച്ചുവടുകളെ തന്നിലേക്കുയിപ്പിക്കുന്ന അവളെ അന്നും അവൻഏറെ സ്നേഹിച്ചുഇന്നും അവൻ സ്നേഹിക്കുന്നുതന്നിൽനിന്ന് അകലെയാണെന്ന് അറിഞ്ഞുകൊണ്ട്...... അവനോർത്തു അതിനുശേഷം പിന്നീട് അവനും കൃഷ്ണയും സുഹൃത്തുക്കളായത്ഒരിക്കലും പിരിയാത്ത സൗഹൃദം എന്ന്സാക്ഷി ആകുന്നവർ ഒപ്പുവെച്ച സൗഹൃദംപൂക്കളും മഴയും പ്രണയിച്ചസൗഹൃദം

പക്ഷേ അവൾ തന്നിൽനിന്ന് അകന്നത്അപ്രതീക്ഷിതമായിട്ടായിരുന്നുപക്ഷേ അവിടെ വേദനിച്ചത് ഞാൻ മാത്രം........അവനോർത്തു കാരണം അവളുടെ ആഗ്രഹംതന്നിൽ പകുതിയായ നൃത്തത്തിൽ തന്നെഅവസാനിക്കണം എന്നായിരുന്നുപക്ഷേ അവിടെ അവൾ ജയിച്ചുനൃത്തച്ചുവടുകളിൽ തന്നെ അവളുടെ ഹൃദയസ്പന്ദനംനിലച്ചു വേദിയിൽ വീണ അവൾ മരിച്ചുതന്നിൽ നിന്ന് അകന്നു

പക്ഷേ അവിടെ തനിച്ചായത് അവനായിരുന്നുപൂക്കളെയും മഴയെയും പ്രണയിച്ച് കൃഷ്ണ തന്നെ വിട്ടുപോയപ്പോൾ അവിടെ പോയത്പൂക്കളും മഴയും പ്രണയിച്ച സൗഹൃദവും ആയിരുന്നു

അവൻ ചിന്തിച്ച തന്നിൽ പാതിയായി അവൾ എന്നുമെന്നും ഉണ്ടാകുമെന്ന് പറഞ്ഞത്അവൻ കൃഷ്ണ എന്ന കൂട്ടുകാരിയിൽകണ്ടത് തന്നെ തന്നെ ആയിരുന്നു എന്നാവൻ മനസ്സിലാക്കി

ഒരുനാളും പിരിയില്ലെന്ന് സൗഹൃദംപിരിഞ്ഞു പോയി പക്ഷേ അവൻ ചിന്തിച്ചതന്നിൽ പാതിയായി അവൾ എന്നും ഉണ്ടെങ്കിൽസൗഹൃദവും സത്യമായി എന്നുമുണ്ട്

അതും ചിന്തിച്ച് അവൻ ഓർമ്മയുടെ പടവുകൾ തിരിച്ചിറങ്ങികാലുകൾ ഇടറാതെ ചുണ്ടുകൾ പതറാതെഅവൻ മന്ത്രിച്ചുഞാനും ജയിച്ച കൃഷ്ണ തോൽപ്പിച്ച നമ്മൾ ആ സത്യത്തെനീ എന്നും എൻറെ കൂടെയുണ്ട്

അന്ന് അവൻ വീണ്ടും ആ കൊഴിഞ്ഞ പൂക്കളെ നോക്കിപറഞ്ഞു

തിരികെയെത്തും നിങ്ങളും............പിരിയുന്നില്ല നിങ്ങൾ നിങ്ങളുടെ അസ്തിത്വത്തിൽ നിന്നുംവീണ്ടും മണ്ണിലൂടെ വേരിലേക്ക് ഇറങ്ങി നിങ്ങൾ അവിടെയെത്തും

അന്ന് അവൻ നഷ്ടമായതെല്ലാം തിരികെ ലഭിച്ച സന്തോഷത്തോടെപടികളിറങ്ങി പൂക്കളോട് വിടപറഞ്ഞു പക്ഷേകൂടെ കൃഷ്ണയെയും അവളുടെ സൗഹൃദത്തെയുംകൂട്ടി തനിച്ച് അല്ലാതെ ഏകൻ ആവാതെകാലത്തോട് എല്ലാം തിരിച്ചെടുത്ത കവർന്നത് എല്ലാം തിരികെ പിടിച്ച് അവൻ സ്വയം ആ സമയം ഉള്ളിൽ മന്ത്രിക്കുകയായിരുന്നു തിരികെയെത്തി ഞാൻ കാലത്തെ ജയിച്ച ഞാൻ കാലത്തെ ജയിച്ച

വൈഗ സുബീഷ് **8 D**

വർണ്ണന

# സന്ധ്യ

കാടന്തി മേഘങ്ങൾച്ചുവപ്പണിയിച്ച് നീലാകാശത്തെ വിസ്മയിപ്പിക്കുന്നു.കുയിലുകൾ ചിലച്ചു മതി മറക്കുന്നു.ഹിന്ദു കുടുംബങ്ങളിൽ സ്ത്രീ ലക്ഷ്മി മാർവിളക്ക് വെച്ച് നാമം ജപിക്കുന്നു. അന്തിക്കള്ള് കുടിച്ച് പാട്ട് പാടി വരുന്ന ചേട്ടൻമാർ. കാട്ടു മുളംതണ്ടിൽ നിന്നും കരയുന്നചീവിടിന്റെ ശബ്ദം.മുല്ലപ്പൂവിന്റെ സുഗന്ധം ആസ്വദിക്കുന്നപക്ഷികൾ.പൂത്തുനിൽക്കുന്ന വൃക്ഷങ്ങൾ നിലാവിന്റെ പ്രഭയിൽ കുളിരണിയുന്നു . അക്ഷരങ്ങൾ പുസ്തകത്താളുകളിൽ മയങ്ങുന്നു.അമ്മയില്ലാത്തവർക്ക് അമ്മയാകുന്നനിലാവ്. എന്തു മനോഹരം. ആമുഖകാന്തി കണ്ടാൽ ഇരുട്ട് പ്രകാശമായി മാറും .ലോക മിപ്പോൾ നീലമയിലിനെപ്പോലെ....

ആ തിര രാജൻ 8 G

ഉപന്യാസം

# ആഗോള താപനം

ദിനോസറുകൾ ഭൂലോകത്ത് 16 കോടി വർഷങ്ങളോളം നിലനിന്നു.കേട്ടറിവുകളിൽ മാത്രമുള്ള ലോകാവസാനം എന്ന വസ്തുതയാണ് അവയെ ഈ ഭൂമിയിൽ നിന്ന് തുടച്ചു നീക്കിയതെന്നാണ് ശാസ്ത്രജ്ഞരുടെ നിഗമനം.ഇന്നേ വരെ 6 തവണ ഭൂമി അങ്ങോളമിങ്ങോളം പ്രളയത്താൽ ആവരണം ചെയ്തിട്ടുണ്ട്.ഇതിന്റെ ഭാഗമായിത്തന്നെയാണ് ദിനോസറുകളും ചത്തൊടുങ്ങിയത്.ഒരു പക്ഷേ ഈ ലോകാവസാനപരമ്പരയിൽ ഭക്ഷ്യക്ഷാമം തുടങ്ങി സർവതും ഉൾപ്പെടുംനാം ഇന്ന് ഉപയോഗിക്കുന്ന ഫോസിൽ ഇന്ധനങ്ങളും മറ്റും അന്ന് മണ്ണടിഞ്ഞ ദിനോസറുകളുടെ സംഭാവനയാണ്.



കാശിനാഥ്.എ.എം (9E)

ആധുനിക മനുഷ്യൻ ആകാശമണ്ഡലങ്ങളിൽ വാസമുറപ്പിക്കാനും സാഗരത്തി നടിയിൽ സൗധം പണിയാനും പ്രയത്നിക്കുന്നു. തന്ത്രപരമായ അവന്റെ നീക്കങ്ങളിൽ ചില ദൂഷ്യ ഫലങ്ങൾ ജീവലോകം അനുഭവിക്കുന്നു .16 കോടി വർഷങ്ങൾ ജീവിച്ച ദിനോസറുകളുമായി ബന്ധിപ്പിച്ചാൽ രണ്ടര ലക്ഷം വർഷം മാത്രം ജീവിച്ച മനുഷ്യർ വെറും ബാല്യ ദശയിലാണ്. എന്നാൽ ഈ കാലാവധിക്കുള്ളിൽ തന്നെ നാം മനുഷ്യർ മറ്റൊരു ലോകാവസാനം കാത്തു കിടക്കുകയാണ്.

വെയിൽക്കത്തുകയാണ് . അന്തരീക്ഷത്തിൽ സൂര്യൻ താപവല വിരിച്ചിരിക്കുകയാണ്.വറചട്ടിയിൽ എന്നവണ്ണം വെന്തുരുകുകയാണ് ജീവലോകം. ഇതിനെല്ലാം കാരണം എന്താണ് ?എന്തേ ഇത്ര ഉഷ്ണം?ശരിയാണ് ഇതിനെല്ലാം കാരണം ആഗോള താപനം തന്നെയാണ്.ആഗോള താപനം എന്തെന്നറിയാൻ ഹരിത ഗൃഹ വാതകങ്ങൾ(ഗ്രീൻ ഹൗസ് ഗ്യാസ് )എന്തെന്നറിയണം. കാർബൺ ഡൈ ഓക്സൈഡ്, മീഥൈൻ, ഓസോൺ എന്നിവയാണ് ഗ്രീൻ ഹൗസ് വാതകങ്ങൾ. ഭൂമിയുടെ അന്തരീക്ഷത്തിൽ പതിക്കുന്ന താപ കിരണങ്ങൾ ഒട്ടുമിക്കതും തട്ടിത്തെറിച്ച്പോകുകയാണ് പതിവ്. അതിൽ

ഭൂഗോളത്തിന്ആവശ്യമായ താപം വലിച്ചെടുക്കുകയെന്നതാണ് ഈ വാതകങ്ങളുടെ പ്രധാന ജോലി.

ഈ കഴിഞ്ഞ ഒരു നൂറ്റാണ്ടായി ഈ വാതകങ്ങളുടെ അളവിൽ വലിയ മാറ്റമുണ്ടായി.ഗ്രീൻ ഹൗസ് വാതകമായ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് അപകടകരമായ രീതിയിൽ വർധിച്ചു.വാതകത്തിന്റെ അളവ് വർധിച്ചതോടെ താപവും വർധിച്ചു.ഈ കാർബൺ ഡൈ ഓക്സൈഡ് അളവിൽ മാറ്റമുണ്ടായത്പ്രധാനമായും നഗരപ്രദേശങ്ങളിൽ ത്തന്നെയാണ്. ഏറ്റവും അധികം കാർബൺ പുറം തള്ളുന്ന രാജ്യംഅമേരിക്കയാണ്.പ്രതിവർഷം അമേരിക്ക 28% കാർബണാണ് പുറന്തള്ളുന്നത്.ചൈന വെറും 9% ആണ് പുറന്തള്ളുന്നത്.കഴിഞ്ഞ 5 വർഷത്തിനിടെ വെറും 5 % മാത്രമാണ് ഇന്ത്യ പുറത്തുവിട്ടത്.പക്ഷേ ഈ വാതകങ്ങൾ ഭൂമിയുടെ ചലനമനുസരിച്ച്ഭൂമിയുടെ നാനാഭാഗങ്ങളിലും തുല്യമായി നിക്ഷേപിക്കപ്പെടുന്നു.അതിനാൽ അഞ്ചു വർഷം കൂടുമ്പോൾ അര ഡിഗ്രി സെൽഷ്യസ് വീതം താപം വർധിക്കുന്നു.2100 ആകുമ്പോഴേക്കും താപം 50 കൂടുമെന്നാണ് ശാസ്ത്രജ്ഞരുടെ കണക്ക്.ഈ വർഷങ്ങളിൽ ഭൂമി ചൊവ്വ പോലെയാകുമോ എന്നതാണ് മാനവരാശിയെ കുഴക്കുന്നത്.ഈ താപ വർദ്ധനവാണ് ആഗോള താപനം എന്നറിയപ്പെടുന്നത്.

ആഗോള താപ ഫലമായി വെള്ളപ്പൊക്കം, കാലാവസ്ഥാ വ്യതിയാനം, മഞ്ഞുപാളികളുടെ ഉരുകൽ,ചുടുകാറ്റ് എന്നിവ അനുഭവപ്പെടുന്നു. ഇനിയൊരു ലോകാവസാനം വരുന്നുണ്ടെങ്കിൽ അത്ആഗോള താപനം മൂലമാകുമെന്നാണ്ശാസ്ത്ര വിദഗ്ധരുടെ നിഗമനം.

ആഗോള താപനം തടയാനുള്ള ഏകമാർഗം എന്തെന്നാൽ കാർബൺ ഡൈ ഓക്സൈഡ്ഉപയോഗം കുറയ്ക്കുക എന്നതാണ്.അതായത് പെട്രോൾ, ഡീസൽ, കൽക്കരി എന്നീ പദാർത്ഥങ്ങളുടെ കത്തിക്കൽ കുറയ്ക്കുക.വൃക്ഷങ്ങൾ നടുക. ഒരു പക്ഷേ ജീവലോകം ഒന്നടങ്കം നാമാവശേഷമാക്കാൻ കെൽപ്പുള്ള ഈ ദുരന്തത്തെ നമുക്ക് ഒന്നടങ്കം നേരിടാനായി ചെറു ചെറു പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഏർപ്പെടാം "ആഗോള താപനം ആഗോള ഹരിത ഭവന"മായി മാറട്ടെ.

കാശിനാഥ്.എ.എം 9 E

# നന്ദി...നന്ദി...നന്ദി...

ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും... മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും നിർമ്മാണവുമായി സഹകരിച്ചവർക്കും... കൂടാതെ സാഹിത്യസൃഷ്ടികൾ തന്ന് ഇതിനെ വിഭവസമൃദ്ധമാക്കിയ എഴുത്തുകാർക്കും... അവയെ ഡിജിറ്റലൈസ് ചെയ്തവർക്കും...

ഒരായിരം നന്ദിയോടെ...

**വി കെ സന്തോഷ്കുമാർ** ചീഫ് എഡിറ്റർ




ഡിജിറ്റൽ മാഗസിൻ
പരിണാമം.കോം
വിജയ ഹൈസ്കൂൾ പുൽപ്പള്ളി